No/450/2022/SRG/LSGD(CC)(8)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം 09.01.2023 തിങ്കളാഴ്ച രാവിലെ 11.30 ന് ലയം ഹാൾ, അനക്സ് II, സെക്രട്ടറിയേറ്റ്

## അജണ്ട

**3. പൊതുവിഷയം**

**(പിന്നീട് നൽകും)**

**പ്രത്യേക വിഷയം**

====================

**4.1 മലപ്പുറം ജില്ലാ പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 09.11.2022-ലെ DPM/MPM/P6-82/22-ാം നമ്പർ കത്ത് (SRG 1270/22)**

**വിഷയം:-** വൃക്കരോഗികൾക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്

ജില്ലയിൽ വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ നിന്ന് മെഡിക്കൽ ഓഫീസർമാരെ ഒഴിവാക്കണമെന്ന് ജില്ലയിലെ മെഡിക്കൽ ഓഫീസർമാർ അറിയിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് 10.10.2022-ൽ കൂടിയ ജില്ലാആസൂത്രണസമിതി യോഗം മെഡിക്കൽ ഓഫീസർമാർ തന്നെ ഈ പ്രോജക്ടുകൾ നടത്തുന്നതാണ് നല്ലതെന്നും വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും തീരുമാനിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വൃക്കരോഗികൾക്ക് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ടുകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.

(i) ധനസഹായം നല്കുന്ന പദ്ധതി എന്നതിലുപരി ആരോഗ്യ സുരക്ഷാ സഹായ പദ്ധതിയായി പ്രഖ്യാപിച്ച് മെഡിക്കൽ ഓഫീസർമാർ തന്നെ നിർവ്വഹണം നടത്തുന്നതിന് നിർദ്ദേശം നൽകണം.

(ii) ഡയാലിസിസിന് ധനസഹായം ഗുണഭോക്താവിന് നേരിട്ട് നൽകുന്നതിന് അനുമതി പരിഗണിക്കണമെന്നതു സംബന്ധിച്ച്

(iii) വൃക്ക രോഗികൾക്ക് ഡയാലിസിസിന് കിറ്റ് നൽകുന്ന രീതിയിൽ പദ്ധതി ഘടനാപരമായി മാറ്റുന്നത് നല്ലതാണെന്ന നിർദ്ദേശം സംബന്ധിച്ച്

**4.2 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.12.2022 ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 11.08.2022 ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ലെ യോഗതീരുമാനവും (ഖണ്ഡിക 4.33) അനുബന്ധരേഖകളും (SRG 1442/22 - CC/55/22)**

**വിഷയം:-** സ്നേഹസ്പർശം എന്ന ആരോഗ്യ പരിരക്ഷ പദ്ധതിയുടെ നടത്തിപ്പ സംബന്ധിച്ച്

| പ്രോ.നം: 472/23 | അടങ്കൽ | 50,00,000/- രൂപ (വികസനഫണ്ട് - ജനറൽ) |
|---|---|---|
| പേര് | സ്നേഹസ്പർശം | |

കോഴിക്കോട് ജില്ലയിലെ മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളേയും ഉൾപ്പെടുത്തി 2011 മുതൽ ജില്ലാ പഞ്ചായത്തു നടപ്പാക്കുന്ന ആരോഗ്യ പരിരക്ഷാ പദ്ധതിയാണ് സ്നേഹ സ്പർശം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ ചീഫ് കോഓർഡിനേറ്ററും ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൺവീനറുമായ സ്നേഹസ്പർശം കിഡ്നി പേഷ്യന്റ് വെൽഫെയർ സൊസൈറ്റി എന്ന സംഘടനയാണ് ഇത് നടത്തുന്നത്. ഡയലാസിസ് രോഗികൾക്ക് ധനസഹായം (സർക്കാർ നിർദ്ദേശിച്ച പ്രകാരം 4000 രൂപ വീതം) വൃക്കമാറ്റിവച്ചവർക്ക് സൗജന്യമായി മരുന്ന്, മാനസിക രോഗികൾക്ക് ചികിത്സയും മരുന്നും, എച്ച്.ഐ.വി ബാധിതർക്ക് കെയർസെന്റർ, വൃക്കരോഗ അവയവദാന ബോധവത്ക്കരണം, ഏർലി ഡിറ്റക്ഷന് വേണ്ടിയുള്ള മെഡിക്കൽ ക്യാമ്പ് എന്നിവ നടത്തുന്നു. 2020 മുതൽ കരൾ മാറ്റിവച്ചവർക്ക് മരുന്നും സൗജന്യമായി നൽകുന്നു. ഒപ്പം സ്വകാര്യ ആശുപത്രിയുമായി സഹചരിച്ച് വൃക്കമാറ്റിവക്കൽ ശസ്ത്രക്രിയ സൗജന്യമായും ചെയ്യുന്നു. ഈ പ്രോജക്ട് ഈ വർഷവും തുടരുന്നു. ഇതിന് ജില്ലാ ആസൂത്രണ സമിതി അനുമതി നൽകിയിട്ടുണ്ട്.

താഴെ പറയും പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് വിഹിതം ശേഖരിച്ച് ഈ വർഷവും പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്തുകൾ | 4.00 ലക്ഷം രൂപ വീതം |
| ബ്ലോക്ക് പഞ്ചായത്തുകൾ | 7.00 ലക്ഷം രൂപ വീതം |
| ജില്ലാ പഞ്ചായത്ത് | 50.00 ലക്ഷം രൂപ |
| നഗരസഭകൾ | 7.00 ലക്ഷം രൂപ വീതം |
| കോഴിക്കോട് കോർപ്പറേഷൻ | 100.00 ലക്ഷം രൂപ |

### 4.3 മാവൂർ ഗ്രാമപഞ്ചായത്ത്

**മാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.11.2022-ലെ** P-192/22-ാം **നമ്പർ കത്ത് (SRG 1336/22)**

**വിഷയം:-** ഗ്രാമപഞ്ചായത്തിന് പി.എച്ച്.സി അനുവദിക്കണമെന്നും എം.സി.എച്ച് യൂണിറ്റിലെ മെഡിക്കൽ ഓഫീസർക്ക് നിർവ്വഹണ ചുമതല നൽകണമെന്നതു സംബന്ധിച്ച്.

മാവൂർ ഗ്രാമപഞ്ചായത്തിന് കീഴിൽ പി.എച്ച്.സി ഇല്ല. ഗ്രാമപഞ്ചായത്തിലെ ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ ചെറൂപ്പ എം.സി.എച്ച് യൂണിറ്റ് മുഖാന്തിരമാണ് നടത്തുന്നത്. ഈ കേന്ദ്രം മെഡിക്കൽ കോളേജിനു കീഴിലായതിനാൽ ഗ്രാമപഞ്ചായത്തിന് നിയന്ത്രണമില്ല. മാവൂർ ഗ്രാമപഞ്ചായത്തിന് ഈ വർഷം അനുവദിച്ച ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രോജക്ട് നിർവ്വഹണ ഉദ്യോഗസ്ഥനില്ലാത്തതിനാൽ നടപ്പാക്കാൻ സാധിക്കുന്നില്ല.

ഈ സാഹചര്യത്തിൽ ചെറൂപ്പ എം.സി.എച്ച് യൂണിറ്റ് ഗ്രാമപഞ്ചായത്തിനു കൈമാറി തരുകയോ ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ ക്യാൻസർ സെന്റർ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പി.എച്ച്.സി അനുവദിച്ചു നൽകുകയോ ചെയ്യണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം തല്ക്കാലത്തേക്ക് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ ആരോഗ്യ മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല എം.സി.എച്ച് യൂണിറ്റിലെ മെഡിക്കൽ ഓഫീസർക്ക് നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

4.4 **<u>തട്ടുക്കശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്</u>**

**തട്ടുക്കശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റിന്റെ 14.10.2022 ലെ കത്തും അനുബന്ധരേഖകളും (SRG 1118/22)**

**വിഷയം:-** തട്ടുക്കശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന് കീഴിൽ പ്രവർത്തിക്കുന്ന 'കേരളശ്രീ ആയുർവേദിക്സ്' എന്ന സ്ഥാപനത്തിൽ നിന്നു ഔഷധങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്.

തട്ടുക്കശ്ശേരി സർവ്വീസ് ബാങ്കിനു കീഴിൽ പ്രവർത്തിക്കുന്ന 'കേരളശ്രീ ആയുർവേദിക്സ്' ഒരു ഔഷധന നിർമ്മാണ സ്ഥാപനമാണ്. ഈ സ്ഥാപനം ഔഷധ സസ്യങ്ങളുടെ നഴ്സറി, സംഭരണം, ഔഷധ നിർമ്മാണം എന്നിവ നടപ്പാക്കുന്നു. ഈ സ്ഥാപനത്തിൽ നിന്നും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ആവശ്യമുള്ള ആയുർവേദ ഔഷധങ്ങൾ നേരിട്ട് വാങ്ങാൻ (ടെണ്ടർ കൂടാതെ) അനുമതി നൽകണമെന്നതാണാവശ്യം. ഇതു സംബന്ധിച്ച് മുൻപും ഈസ്ഥാപനം കത്തു നൽകിയിരുന്നു. ഇതു സംബന്ധിച്ച ഫയൽ വകുപ്പുതല പരിഗണനയിലാണ്. ഈ സ്ഥാപനത്തിന്റെ ഉല്പന്നത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദം) റിപ്പോർട്ട് ആയുഷ് മിഷന് 01.07.2022 ൽ നല്കിയിട്ടുണ്ട്. ഈ റിപ്പോർട്ട് പ്രകാരം 'കേരള ശ്രീ ആയുർവേദിക്സ്' എന്ന സ്ഥാപനത്തിന്റെയും ഈ സ്ഥാപനത്തിന് ഔഷധം നിർമ്മിച്ച് നൽകുന്ന 'വള്ളുവനാട് ആയുർവേദ ഔഷധശാല'യുടെ ഔഷധവും പരിശോധിച്ച് ഗുണനിലവാരമുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഇതു പരിഗണിച്ച് 'കേരള ശ്രീ ആയുർവേദിക്സ്' എന്ന സ്ഥാപനത്തിൽ നിന്ന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഔഷധങ്ങൾ നേരിട്ടു വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.5 **<u>ളാലം ബ്ലോക്ക് പഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2022-ലെ കത്തും ളാലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 01.10.2022-ലെ 1(3)-ാം നമ്പർ തീരുമാനവും (SRG 1218/22 CC-649/22)**

**വിഷയം:-** വയോജനങ്ങൾക്ക് കൃത്രിമ പല്ല് നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 38/2023* | *അടങ്കൽ* | *2,00,000 രൂപ (വികസന ഫണ്ട് – ജനറൽ)* |
| *പേര്* | *മന്ദഹാസം – വയോജനങ്ങൾക്ക് കൃത്രിമ പല്ല്* | |

വയോജനങ്ങൾക്ക് കൃത്രിമ പല്ല് നൽകുന്ന ഈ പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.6 **<u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.10.2022-ലെ കത്തും അനുബന്ധരേഖകളും (SRG 1167/22 - CC/653/22)**

**വിഷയം:-** ഹയർ സെക്കന്ററി സ്കൂളുകളിലെ പെൺകുട്ടികൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം

| പ്രോ.നം: 440/23 | അടങ്കൽ | 4,95,000/- രൂപ (വികസനഫണ്ട് - ജനറൽ) |
|---|---|---|
| പേര് | ജില്ലാ പഞ്ചായത്തിനു കീഴിലുള്ള സ്കൂളുകളിൽ വിദ്യാർത്ഥിനികൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം | |

കഴിഞ്ഞ വർഷം ഹയർസെക്കന്ററി വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്തിരുന്നു. ഈ വർഷവും ഹയർസെക്കന്ററി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണത്തിന് പ്രോജക്ട് ഏറ്റെടുത്തുവെങ്കിലും വെറ്റിംഗ് ഓഫീസർ അനുമതി നിരസിച്ചു. മാർഗ്ഗരേഖയിൽ ഈ പ്രോജക്ട് ഗ്രാമപഞ്ചായത്തിനും നഗരസഭകൾക്കുമാണ് ഏറ്റെടുക്കാവുന്നത് എന്നതിനാൽ ജില്ലാ പഞ്ചായത്തിന് നേരിട്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.7 <u>വിജയപുരം ഗ്രാമപഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.10.2022 ലെ കത്തും വിജയപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10.10.2022 ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022 ലെ (ഖണ്ഡിക 4.52) യോഗ തീരുമാനവും (SRG 1184/22 - CC/ 660/22)**

**വിഷയം:-** ആമ്പുലൻസ് വാങ്ങുന്നതു സംബന്ധിച്ച്

| പ്രോ.നം: 135/23 | അടങ്കൽ | 10,00,000/- രൂപ (തനത് ഫണ്ട്) |
|---|---|---|
| പേര് | പഞ്ചായത്തിലേക്ക് ആമ്പുലൻസ് വാങ്ങൽ | |

പാറമ്പുഴ പി.എച്ച്.സിയിൽ പാലിയേറ്റീവ് പ്രവർത്തനത്തിന് ഒരു ആമ്പുലൻസ് (ഒമിനിവാൻ) ഉണ്ട്. ഇതിനു പുറമെ തനതു ഫണ്ടുപയോഗിച്ച് ഒരു ആമ്പുലൻസ് കൂടി വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. ഇത് 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുകയും അധികമായി ഒരു ആംബുലൻസ് കൂടി വാങ്ങേണ്ടതിന്റെ ആവശ്യകതയടക്കം വ്യക്തമാക്കി നൽകാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

നഗരസ്വഭാവമുള്ള വലിയ ഗ്രാമപഞ്ചായത്താണെന്നും 421 പാലിയേറ്റീവ് രോഗികൾ ഗ്രാമപഞ്ചായത്തിൽ ഉണ്ടെന്നും ചൂണ്ടികാണിച്ച് ആംബുലൻസ് വാങ്ങാൻ അനുമതി നൽകണമെന്ന് വീണ്ടും ആവശ്യപ്പെട്ടിരിക്കുന്നു.

**4.8 <u>പുലാമന്തോൾ ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.11.2022-ലെ കത്തും പുലാമന്തോൾ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.08.2022-ലെ 4(7)-ാം നമ്പർ തീരുമാനവും (SRG 1254/22 - CC/695/22)**

**വിഷയം:-** വൃക്ക രോഗികൾക്ക് ഡയാലിസിസ് കിറ്റും മരുന്നും വാങ്ങി നൽകുന്നത് സംബന്ധിച്ച്

| പ്രോ.നം: 129/23 | അടങ്കൽ | 7,20,000 രൂപ |
|---|---|---|
| | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 6,20,000 രൂപ |
| | തനത് ഫണ്ട് | 1,00,000 രൂപ |
| പേര് | ഡയാലിസിസ് രോഗികൾക്ക് ഡയാലിസിസ് കിറ്റ് നൽകൽ | |

കൊവിഡ് മഹാമാരിയുടെ കാലത്ത് ഡയാലിസിസ് കിറ്റും വൃക്ക രോഗികൾക്ക് മരുന്നും വാങ്ങി നൽകിയിരുന്നു. കൊവിഡ് മഹാമാരിയുടെ സാഹചര്യം മാറിയതിനാൽ കിറ്റും മരുന്നും വാങ്ങി നൽകുന്നതിന് തടസ്സമുണ്ടെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചതനുസരിച്ച് ഇവ വാങ്ങി നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.9 <u>പരപ്പനങ്ങാടി നഗരസഭ</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.11.2022-ലെ കത്തും പരപ്പനങ്ങാടി മുനിസിപ്പൽ ചെയർമാന്റെ 15.10.2022-ലെ കത്തും (SRG 1251/22 - CC/684/22)**

**വിഷയം:-** അധികമായി വെൽനസ്സ് സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച്

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നഗരസഭകളിൽ മൂന്ന് വെൽനസ്സ് സെന്റർ ആരംഭിക്കുന്നതിന് അനുമതിയുണ്ട്. കേന്ദ്ര ആരോഗ്യ മന്ത്രാലയം പുറത്തിറക്കിയ മാർഗ്ഗരേഖ പ്രകാരം നഗരസഭകൾ സ്വന്തമായോ വാടക രഹിതമായോ കെട്ടിടം നൽകുകയാണെങ്കിൽ മൊത്തം തുകയിൽ അധികരിക്കാതെ കൂടുതൽ വെൽനസ് സെന്റർ ആരംഭിക്കാമെന്ന് നഗരസഭ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഇതിന്റെ കൂടി അടിസ്ഥാനത്തിൽ ഒരു വെൽനസ് സെന്റർ കൂടി അധികമായി ആരംഭിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.10 <u>വാഴക്കാട് ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.11.2022 ലെ കത്തും (SRG 1260/22 - CC/ 720/22)**

**വിഷയം:-** കിഡ്നി മാറ്റിവച്ച രോഗികൾക്ക് ബ്രാൻഡഡ് മരുന്നുവാങ്ങി നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 126/23*** | ***അടങ്കൽ*** | ***4,00,000/- രൂപ*** *(മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)* |
| ***പേര്*** | ***കിഡ്നി മാറ്റിവച്ച രോഗിക്ക് മരുന്നു വാങ്ങൽ*** | |

കൊവിഡ് മഹാമാരിയുടെ കാലത്ത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വൃക്കമാറ്റി വച്ചവർക്ക് മരുന്നു വാങ്ങി നൽകിയിരുന്നു. കൊവിഡ് കാലത്തെ പ്രത്യേക പശ്ചാത്തലത്തിലാണ് ഇങ്ങനെ മരുന്നു വാങ്ങി നൽകിയത്. രോഗിയുടെ ഡോക്ടർമാർ നിർദ്ദേശിച്ച ബ്രാൻഡഡ് മരുന്നാണ് വാങ്ങി നൽകിയത്. ഇവർക്കു തുടർന്നും ജനറിക് മരുന്നുകൾക്കു പകരം ബ്രാൻഡഡ് മരുന്നു തന്നെ വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.11 <u>തൃക്കാക്കര നഗരസഭ</u>

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.11.2022, 14.11.2022- ലെ 104276/22/ഡി.പി.സി/ഡി.പി.ഒ/** EKM- **നമ്പരായുള്ള കത്തുകളും അനുബന്ധരേഖകളും (SRG 1436/22 - CC/693/22)**

**വിഷയം:-** ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 140/23*** | ***അടങ്കൽ*** | ***1,50,00,000/- രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | ***ഭവനപുനരുദ്ധാരണം*** | |

തൃക്കാക്കരയിൽ ചില കുടുംബത്തിന് 5 വർഷം മുമ്പ് 25,000 രൂപ ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ പണി മുഴുവൻ പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ നിലവിൽ വീടു ശോചനീയാവസ്ഥയിലാണ്. അതിനാൽ ഒരിക്കൽ ഭവന പുനരുദ്ധാരണം/അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകിയാൽ എത്രവർഷം കഴിഞ്ഞ് ഇതേ ആവശ്യത്തിന് വീണ്ടും ധനസഹായം നൽകാമെന്ന് വ്യക്തത വരുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.12 <u>തെന്മല ഗ്രാമപഞ്ചായത്ത്</u>**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.12.2022 ലെ കത്ത് (SRG 1/2023 – CC/733/2022)**

**വിഷയം:–** ലൈഫ് ഭവനപദ്ധതി – ഭൂരഹിത ഭവനരഹിതർക്ക് വീട്ടു നൽകുന്നതു സംബന്ധിച്ച്.

ശ്രീ.സലിം, സുനിമൻസിൽ, ഇടമൺ എന്ന വ്യക്തി ലൈഫ് ഭവനപദ്ധതിയിലെ ഭൂരഹിത ഭവനരഹിത പദ്ധതിയിൽ ഉൾപ്പെട്ട ആളാണ്. ശ്രീ സലീമിന് 19.03.2020 ൽ 1.21 ആർ ഭൂമി ഗ്രാമപഞ്ചായത്തിൽ നിന്ന് വാങ്ങി നൽകിയിരുന്നു. എന്നാൽ ഈ വസ്തു വാങ്ങുന്നതിനു മുമ്പ് (11.03.2020 ൽ) കുടുംബ റേഷൻകാർഡിൽ ഉൾപ്പെട്ട ഇയാളുടെ മകനായ ശ്രീ.സലീലിൻ വിലകൊടുത്ത് 4.36 ആർ വസ്തു സ്വന്തമായി വാങ്ങി. ലൈഫ് ഭവനപദ്ധതിയുടെ മാനദണ്ഡപ്രകാരം ഒരു വ്യക്തിക്കോ അയാളുടെ കുടുംബത്തിലെ റേഷൻ കാർഡിൽ ഉൾപ്പെട്ടുവരുന്ന മറ്റു കുടംബാംഗങ്ങൾക്കോ ഭൂമിയുള്ള പക്ഷം ആനുകൂല്യം നൽകാൻ പാടില്ല. ഈ സാഹചര്യത്തിൽ ഈ വ്യക്തിക്ക് വസ്തു വാങ്ങി നൽകിയ നടപടി അംഗീകരിക്കാവുന്നതാണോ എന്നും ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകാവുന്നതാണോ എന്നും സ്പഷ്ടീകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. അർഹതാ പരിശോധനസമയത്ത് ശ്രീ.സലീം ഭൂരിഹിത ഭവനരഹിതനായിരുന്നു.

**4.13 <u>പുളിമാത്ത് ഗ്രാമപഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.10.2022 ലെ കത്തുകളും (2 എണ്ണം) പുളിമാത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.10.2022 ലെ** A5/3025/22–ാം **നമ്പർ കത്തും (SRG 1181/22 – CC /669/22)**

**വിഷയം:–** ലൈഫ് ഭവനപദ്ധതി പ്രകാരം വീട്ടു നൽകുന്നതു സംബന്ധിച്ച്

പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ ഒന്നാം വാർഡിലെ ശ്രീമതി ഗീത.റ്റി, അയിരൂർ വീട് എന്ന ആൾ ഭൂമിയുള്ള ഭവനരഹിതരുടെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. ആദ്യ ഗഡുവായി 40,000 രൂപ നല്കി. എന്നാൽ അപേക്ഷക ഉൾപ്പെട്ട കുടുംബത്തിന് മറ്റൊരു വില്ലേജിൽ (പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്) 4.05 ആർ സ്ഥലം ഉണ്ട് എന്നതു കാണിച്ച് പരാതി വന്നു. തുടർന്ന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ പ്രവർത്തി സ്റ്റേ ചെയ്തു. തുടർന്ന് 23.03.2022ൽ പരാതിക്കാരൻ ഹാജരാകാത്തതിൽ കേസ് തീർപ്പായി. ഗ്രാമപഞ്ചായത്തുമായി ശ്രീമതി ഗീത വീട്ടു നിർമ്മാണത്തിനു കരാർ വയ്ക്കുന്ന സമയത്ത് പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരുന്ന 4.05 ആർ സ്ഥലം വില്പനയ്ക്ക് കരാറിൽ ഏർപ്പെട്ടിരുന്നുവെന്നും 2020–21 ൽ ഈ വസ്തു വില്പന നടത്തിയിരുന്നുവെന്നും അറിയിച്ചിരിക്കുന്നു. ഇവർക്ക് ലൈഫ് ഭവന പദ്ധതിയ്ക്ക് തുടർന്നുള്ള ഗഡുക്കൾ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.14 <u>അകത്തേത്തറ ഗ്രാമപഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.10.2022 ലെ കത്തും അകത്തേത്തറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.07.2022 ലെ 12–ാം നമ്പർ തീരുമാനവും (SRG 1187/22 – CC/ 748/22)**

**വിഷയം:–** ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാത്ത പട്ടികവർഗ്ഗ വിഭാഗത്തിലെ കുടുംബത്തിന് വീട്ടു നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 200/23* | *അടങ്കൽ* | *30,00,000/– രൂപ (റ്റി.എസ്.പി)* |
| *പേര്* | *ലൈഫ് ഭവന പദ്ധതി – എസ്.റ്റി* | |

അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ ചീക്കുഴി പട്ടികവർഗ്ഗ കോളനിയിലെ പണിയൻ വഭാഗത്തിലെ താഴെ പറയുന്ന അഞ്ച് കുടുംബങ്ങളുടെ വീട് ജീർണ്ണാവസ്ഥയിലാണ്

1) ശ്രീകലാധരൻ S/0 കൃഷ്ണൻകുട്ടി, ചീക്കുഴിക്കളം കോളനി
2) മൂത്ത W/0 കൃഷ്ണൻകുട്ടി, ചീക്കുഴിക്കളം കോളനി
3) വേലായുധൻ S/0 മാധവൻ, ചീക്കുഴിക്കളം കോളനി
4) മാധവൻ S/0 ചാമി, ചീക്കുഴിക്കളം കോളനി
5) കുഞ്ചി W/0 പരുക്കൻ, ചീക്കുഴിക്കളം കോളനി

ലൈഫ് ഭവന പദ്ധതിയിൽ ഇവർക്കു വീട്ടു നിർമ്മിച്ചു നൽകണമെന്ന് ഗ്രാമപഞ്ചായത്തിനോട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ആവശ്യപ്പെട്ടിരുന്നു. ഇതിനു കാലതാമസം വരുമെന്നതിനാൽ പട്ടിക വർഗ്ഗ വികസന വകുപ്പ് തന്നെ വീട്ടു നിർമ്മിച്ചു നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറോട് ആവശ്യപ്പെട്ടു. ഇതുവരെ നടപടി ഒന്നും ആയില്ല. ഇവർ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്താൻ അർഹരാണെന്ന് ലൈഫ് ജില്ലാ കോഓർഡിനേറ്റർ 16.03.2021 ൽ അറിയിച്ചിരുന്നു. എന്നാൽ ഇവരുടെ പക്കൽ ആവശ്യമായ രേഖകളൊന്നും ഇല്ല. ഇവർക്ക് വീട്ടു നിർമ്മിച്ചു നൽകാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.15 <u>പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.11.2022-ലെ കത്ത് (SRG 1257/22 - CC/707/22)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലുള്ള കുടുംബങ്ങൾക്ക് സ്മാർട്ട് അടുക്കള പണിയാൻ അനുമതി സംബന്ധിച്ച്.

| *പ്രോ.നം: 36/23* | *അടങ്കൽ* | *18,00,000 രൂപ (എസ്.സി.പി)* |
|---|---|---|
| *പേര്* | *പട്ടികജാതി കുടുംബത്തിന് സ്മാർട്ട് അടുക്കള* | |

പട്ടികജാതി വിഭാഗങ്ങളിലെ അടുക്കള മെച്ചപ്പെടുത്തുന്നതിനാണ് പ്രോജക്ട്. നിലവിലെ അടുക്കള പ്ലാസ്റ്ററിംഗ് ചെയ്തിട്ടില്ലെങ്കിൽ ടൈൽ ഇടുക, ഫാബ്രിക്കേഷൻ വർക്കുകൾ, സ്ലാബ് ഇട്ട് സിങ്ക് സ്ഥാപിക്കുക, ബേസിൻ, പുകയില്ലാത്ത അടുപ്പ് എന്നിവയാണ് പ്രവർത്തനം. ആകെ 60,000 രൂപയാണ് നൽകാൻ ഉദ്ദേശിക്കുന്നത്. ആദ്യ ഗഡുവായി 30,000 രൂപയും ബാക്കി തുക അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരവും നൽകും. നൂതന പ്രോജക്ടുകൾക്ക് വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി ഇതിന് അനുമതി നിരസിച്ചു. പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.16 <u>മക്കരപറമ്പ് ഗ്രാമപഞ്ചാത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.11.2022 ലെ കത്ത് (SRG 1259/22 - CC/ 719/22)**

**വിഷയം:-** വീട്ടു വാസയോഗ്യമാക്കുന്നതിന് കഴിഞ്ഞവർഷം നൽകേണ്ട തുക ഈ വർഷം നൽകുന്നത് സംബന്ധിച്ച്.

| *പ്രോ.നം: 30/23* | *അടങ്കൽ* | *4,01,500/- രൂപ (വികസനഫണ്ട് - ജനറൽ)* |
|---|---|---|
| *പേര്* | *വീട്ടു വാസയോഗ്യമാക്കൽ - ജനറൽ* | |

കഴിഞ്ഞ വർഷം ശ്രീ. ഹംസ തോട്ടിത്തൊടി, ചെട്ടിയാരങ്ങാടി എന്ന ആൾ വീട്ടു വാസയോഗ്യമാക്കുന്നതിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. പ്രവൃത്തി കഴിഞ്ഞ വർഷം തന്നെ പൂർത്തീകരിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥൻ ധനസഹായ തുകയായ 25,000 രൂപ നൽകാൻ ബിൽ ട്രഷറിയിൽ സമർപ്പിച്ചു. എന്നാൽ ഗുണഭോക്താവ് നൽകിയ ബാങ്ക് അക്കൗണ്ട് പ്രവർത്തനക്ഷമമല്ലായിരുന്നതിനാൽ ട്രഷറിയിൽ നിന്ന് കഴിഞ്ഞവർഷം തുക അക്കൗണ്ടിലേക്ക്

മാറിയില്ല. ശ്രീ.ഹംസയ്ക്ക് അർഹമായ 25,000 രൂപ ഈ വർഷം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.17 <u>തിരൂർ നഗരസഭ</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.11.2022 ലെ കത്തും തിരൂർ നഗരസഭാ സെക്രട്ടറിയുടെ 08.08.2022 ലെ** A7 (A4) 87/09-ാം **നമ്പർ കത്തും (SRG 1459/22 - CC/ 770/22)**

**വിഷയം:-** ഭവനപദ്ധതിയിൽ ചെലവഴിക്കപ്പെടാതെ ,കിടക്കുന്ന തുക **PMAY** - ലൈഫ് പദ്ധതിക്ക് ഉപയോഗിക്കുന്നതു സംബന്ധിച്ച്.

ഇ.എം.എസ് ഭവനപദ്ധതിയിൽ 2010-11 വർഷത്തെ ചെലവഴിക്കപ്പെടാത്ത തുക ബാങ്കിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ 40.17 ലക്ഷം രൂപയും എസ്.സി.പി വിഭാഗത്തിൽ 42,68,073 രൂപയുമാണ് ബാങ്കിൽ സൂക്ഷിച്ചിരിക്കുന്നത്. ആകെ 82,85,073 രൂപ. ഇത് ഇപ്പോൾ പലിശയടക്കം 89,01,535 രൂപ വരും. **Integrated Hosing & Slum Development Programme (IHSDP)** പ്രകാരം ലഭിച്ച തുകയിൽ 97,53,932 രൂപയും ബാങ്കിൽ ഉണ്ട്.

ഈ തുകയിൽ ഇ.എം.എസ് ഭവനപദ്ധതിയിലെ 44.00 ലക്ഷം രൂപ, 45.00 ലക്ഷം രൂപ വീതം **PMAY** ലൈഫ് പദ്ധതിയ്ക്ക് യഥാക്രമം ജനറൽ, പട്ടികജാതി വിഭാഗങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം **IHSDP** യിൽ ചെലവഴിക്കപ്പെടാതെ കിടക്കുന്ന 97,53,932 രൂപയും **PMAY** ലൈഫ് പദ്ധതിക്ക് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഈ രീതിയിൽ നഗരസഭ ഈ വർഷം പ്രോജക്ട തയ്യാറാക്കിയിട്ടുണ്ട്. ഈ തുക പൂർണ്ണമായും ലൈഫ് ഭവന പദ്ധതിയ്ക്ക് വിനിയോഗിക്കുകയോ സർക്കാരിലേക്ക് തിരികെ അടയ്ക്കുകയോ ചെയ്യണമെന്ന് ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചിട്ടുണ്ട്.

**4.18 <u>കടങ്ങോട് ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.11.2022 ലെ കത്ത് (SRG 1098/22 - CC /762/22).**

**വിഷയം:** പച്ചക്കറി താങ്ങുവില സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 265/23*** | ***അടങ്കൽ*** | ***1,00,000 രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | പച്ചക്കറി താങ്ങുവില സബ്സിഡി | |

കടങ്ങോട് ഗ്രാമപഞ്ചായത്തിലെ കാർഷിക വിപണന കേന്ദ്രം വഴി പച്ചക്കറി കൃഷിക്ക് താങ്ങുവില നൽകുന്നതിനാണ് പ്രോജക്ട്. ഇതു നടപ്പാക്കാൻ പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.19 <u>ഏഴിക്കര ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.10.2022 ലെ കത്തുകളും (2 എണ്ണം) ഏഴിക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.09.2022 ലെ 2(6)-ാം നമ്പർ തീരുമാനവും (SRG 1177/22 - CC/577/22)**

**വിഷയം:-** പൊക്കാളി കൃഷിക്ക് തൊഴിലാളികൾക്ക് ഇൻസെന്റീവ് നൽകുന്നതിന് അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 142/23*** | ***അടങ്കൽ*** | ***3,75,000/- രൂപ*** *(വികസന ഫണ്ട് ജനറൽ)* |
| ***പേര്*** | ***കൊയ്ത്ത് ഇൻസെന്റീവ്*** | |

പൊക്കാളി കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി കൊയ്ത്ത് തൊഴിലാളിക്ക് ഒരു ദിവസം 100 രൂപ വീതം നൽകുന്നതിനാണ് പ്രോജക്ട്. ഗ്രാമപഞ്ചായത്തിൽ ആകെ 432 ഹെക്ടർ പൊക്കാളി പാടമുണ്ട്. കഴിഞ്ഞവർഷം 120 ഹെക്ടർ സ്ഥലത്ത് പൊക്കാളി കൃഷി ഇറക്കിയിരുന്നു. പ്രോജക്ട നടപ്പാക്കാൻ പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.20 <u>പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 26.11.2022 ലെ കത്തും പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.11.2022 ലെ 2(1)-ാം നമ്പർ തീരുമാനവും (SRG 3/2023 - CC/809/22)**

**വിഷയം:-** നെൽകൃഷി ആവശ്യത്തിന് ഡ്രോൺ വാങ്ങുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 98/23* | *അടങ്കൽ* | *7,50,000/- രൂപ (വികസന ഫണ്ട് ജനറൽ)* |
| *പേര്* | *കൃഷി ആവശ്യത്തിന് ഡ്രോൺ* | |

നെൽകൃഷിക്കായി പ്ലാന്റ് ന്യൂട്രിയന്റ്സും മറ്റു സസ്യസംരക്ഷണ ലായിനികളും തളിക്കുന്നതിന് ഡ്രോൺ വാങ്ങുന്നതിനാണ് പ്രോജക്ട്. ഡ്രോൺ വാങ്ങി കാർഷിക സേനയ്ക്ക് കൈമാറാനും ഇത് ഉപയോഗിക്കാൻ ആളെ കണ്ടെത്തി പരിശീലനം നൽകാനും ഉദ്ദേശിക്കുന്നു. ഇതിന് അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

**4.21 <u>മൂന്നാർ ഗ്രാമപഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.12.2022 ലെ കത്തും മൂന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 2.12.2022 ലെ A1-200/2022-ാം നമ്പർ കത്തും (SRG 1381/22-CC/859/22)**

**വിഷയം:-** മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ ജൈവവളം വില്പന നടത്തുന്നതു സംബന്ധിച്ച്.

മൂന്നാർ ഗ്രാമപഞ്ചായത്തിലെ കല്ലാറിൽ വിൻട്രോ കംപോസ്റ്റിംഗ് സംവിധാനം വഴി തയ്യാറാക്കിയ ജൈവ വളം പാലക്കാട് IRTC പരിശോധന നടത്തി ആവശ്യമായ മൂലകങ്ങൾ ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ വളം "മൂന്നാർ ഗ്രീൻ" എന്ന പേരിൽ ഒരു കിലോഗ്രാമിന് 15 രൂപ നിരക്കിൽ വിൽക്കുന്നു. (മൊത്തവില 14.00 രൂപ) ഈ ജൈവവളം മൂന്നാറിലും സമീപ പ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്തുകളിലും ജൈവവള / കാർഷിക പദ്ധതിയിൽ ഉപയോഗിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

**4.22 <u>തുമ്പമൺ ഗ്രാമ പഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.12.2022-ലെ കത്തും തുമ്പമൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.11.2022-ലെ JC3 -2571/22-ാം നമ്പർ കത്തും തുമ്പമൺ കൃഷി ഓഫീസറുടെ 22.09.2022-ലെ കത്തും (SRG 1453/22 - CC/821/22)**

**വിഷയം:-** തുമ്പമൺ കൃഷി ഭവനിൽ സൂക്ഷിച്ചിരിക്കുന്ന മെതിയന്ത്രം പന്തളം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസർക്കു നൽകുന്നത് സംബന്ധിച്ച്

തുമ്പമൺ ഗ്രാമപഞ്ചായത്ത് 1999-2000-ൽ ഒരു മെതിയന്ത്രം വാങ്ങിയിരുന്നു. മെതിയന്ത്രം ഇതുവരെ ഉപയോഗിച്ചിട്ടില്ല. പ്രവർത്തന രഹിതമായി കൃഷിഭവനിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇത് പ്രവർത്തനക്ഷമമാക്കാൻ പറ്റാത്തതിനാൽ വാല്യുവേഷൻ എടുത്ത് ലേലം ചെയ്ത് തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടയ്ക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റർ അറിയിച്ചിട്ടുണ്ട്. മെതിയന്ത്രം ഗ്രാമപഞ്ചായത്തിലെ പാടശേഖര സമിതികൾക്ക് ആവശ്യമില്ല. അതിനാൽ മെതിയന്ത്രം ഉപാധിരഹിതമായി പന്തളം (പത്തനംതിട്ട) കൃഷി അസിസ്റ്റന്റ്

എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. മെതിയന്ത്രം അറ്റകുറ്റപ്പണി നടത്തി കർഷകർക്ക് ഉപയോഗിക്കാൻ കഴിയുമെന്ന് കൃഷി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ടെന്ന് ഉമ്പമൺ കൃഷി ഓഫീസർ കത്ത് നൽകിയിട്ടുണ്ട്.

**4.23 <u>പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.11.2022, 11.11.2022 എന്നീ തീയതികളിലെ കത്തുകളും (SRG 1455/22 – CC/472/22)**

**വിഷയം:-** അക്വപോണിക്സ് പദ്ധതി ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നടപ്പാക്കുന്നത് സംബന്ധിച്ച്

| ***പ്രോ.നം: 85/23*** | ***അടങ്കൽ*** | ***24,40,000 രൂപ*** |
|---|---|---|
| | *വികസനഫണ്ട് – ജനറൽ* | *1,20,000 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *1,20,000 രൂപ* |
| ***പേര്*** | ***അക്വപോണിക്സ് യൂണിറ്റ് വിതരണം*** | |

പച്ചക്കറിയോടൊപ്പം മത്സ്യകൃഷിയും നടത്തുന്നതിനുള്ള അക്വപോണിക്സ് യൂണിറ്റ് വിതരണം നടത്തുന്നതിനാണ് പ്രോജക്ട്. മാർഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭ കൾക്കുമാണ് പ്രോജക്ട് എടുക്കാവുന്നത്. ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന മൂന്ന് ഗ്രാമപഞ്ചായത്തുകളും അക്വപോണിക്സിന് പ്രോജക്ട് ഏറ്റെടുത്തില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

**4.24 <u>ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.12.2022 ലെ കത്ത് (SRG 1456/22 – CC/ 827/22)**

**വിഷയം:-** ഗ്രാമപപഞ്ചായത്തു മുഖേന തീറ്റപ്പുൽ കൃഷിക്ക് ധനസഹായം നൽകുന്നതു സംബന്ധിച്ച്.

| ***പ്രോ.നം: 46/23*** | ***അടങ്കൽ*** | ***6,90,000/- രൂപ*** |
|---|---|---|
| | *വികസനഫണ്ട്* | *1,38,000 രൂപ* |
| | *ഗുണഭോക്തൃവിഹിതം* | *5,52,000 രൂപ* |
| ***പേര്*** | ***തീറ്റപ്പുൽകൃഷി*** | |

ഗ്രാമപഞ്ചായത്തിൽ 23 കർഷകർക്ക് പത്ത് സെന്റ് സ്ഥലത്ത് വീതം പുൽകൃഷിക്ക് ധനസഹായം നൽകാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് പ്രോജക്ട് നടപ്പാക്കാവുന്നത്. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിനാൽ ഗ്രാമപഞ്ചായത്തുതന്നെ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.25 <u>കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.11.2022 ലെ കത്ത് (SRG 1466/22 – CC/689/22)**

**വിഷയം:-** കാർഷികവിള സംരക്ഷണത്തിന് സൗരോർജ്ജ വേലി നിർമ്മിക്കുന്നത് സംബന്ധിച്ച്

| പ്രോ.നം: 139/22 | അടങ്കൽ | 76,00,000/- രൂപ |
|---|---|---|
| | വികസന ഫണ്ട് - ജനറൽ | 15,00,000 രൂപ |
| | ഗ്രാമപഞ്ചായത്ത് വിഹിതം | 21,00,000 രൂപ |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 40,00,000 രൂപ |
| പേര് | കാർഷികവിള സംരക്ഷണത്തിന് സൗരോർജ്ജ വേലി നിർമ്മാണം | |

കാർഷിക വിളകളെ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് സൗരോർജ്ജവേലി നിർമ്മിക്കുന്നതിന് 50 ശതമാനം സബ്സിഡിയോടെ നൽകാനാണ് മാർഗ്ഗരേഖ പ്രകാരം അനുമതിയുള്ളത്. ഗുണഭോക്തൃവിഹിതം ഒഴിവാക്കി 100 ശതമാനം തദ്ദേശഭരണസ്ഥാപന വിഹിതം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.26 ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.10.2022-ലെ കത്തും അനുബന്ധ രേഖകളും (SRG 1165/22 CC/633/22)**

**വിഷയം:-** ക്ഷീര വികസന മേഖലയിലെ പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

| 1) പ്രോ.നം: 68/2023 | അടങ്കൽ | 22,84,980 രൂപ |
|---|---|---|
| | വികസനഫണ്ട്-ജനറൽ | 11,42,490 രൂപ |
| | ഗുണഭോക്തൃ വിഹിതം | 11,42,490 രൂപ |
| പേര് | വനിതാ ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം - ജനറൽ | |

| 2) പ്രോ.നം: 85/2023 | അടങ്കൽ | 3,00,000 രൂപ |
|---|---|---|
| | വികസനഫണ്ട്-ജനറൽ | 1,50,000 രൂപ |
| | തനത് ഫണ്ട് | 1,50,000 രൂപ |
| പേര് | വനിതാ ക്ഷീര കർഷകർക്ക് കറവയന്ത്രം വാങ്ങുന്നതിന് സബ്സിഡി | |

ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണത്തിനും കറവയന്ത്രം നൽകുന്നതിനുമുള്ള മുകളിൽപ്പറഞ്ഞ രണ്ട് പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിരിക്കുന്നത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടായതിനാൽ ഇത് വനിതാ ഘടക പദ്ധയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്താവുന്നതല്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിരിക്കുന്നു. ഇതിന്റെ ഗുണഭോക്താക്കൾ വനിതകളാണെന്ന് ചൂണ്ടിക്കാണിച്ച് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിത്തന്നെ നിർവ്വഹണം നടത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.27 പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.10.2022 ലെ കത്തും പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 10.10.2022 ലെ കത്തും (SRG 1176/22 - CC 671/22)**

**വിഷയം:-** ക്ഷീരകർഷകർക്ക് കറവയന്ത്രം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 118/23* | *അടങ്കൽ* | *4,95,000/- രൂപ (എസ്.സി.പി)* |
| *പേര്* | *പട്ടികജാതി വിഭാഗത്തിൽപ്പെട്ട ക്ഷീരകർഷകർക്ക് കറവയന്ത്രം വാങ്ങുന്നതിന് ധനസഹായം* | |

ക്ഷീരകർഷകർക്ക് കറവയന്ത്രം വാങ്ങുന്നതിന് ധനസഹായം നൽകാൻ ബ്ലോക്ക് പഞ്ചായത്ത് പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ISI/BIS മുദ്രയുള്ള കറവയന്ത്രം വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ISI മുദ്രയുള്ള കറവയന്ത്രം വിപണിയിൽ ലഭ്യമല്ല എന്നറിയിച്ചിട്ടുണ്ട്. അതിനാൽ വിപണിയിൽ ലഭ്യമായ കറവയന്ത്രം വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.28 <u>ചൊവന്നൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.11.2022-ലെ കത്തും ചൊവന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 15.10.2022-ലെ A-1533/22-ാം നമ്പർ കത്തും (SRG 1454/22 - CC/725/22)**

**വിഷയം:-** വനിതാ ഘടക പദ്ധയിൽ ഉൾപ്പെടുത്തി കറവ പശുവിനെ വിതരണം ചെയ്യുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 64/23* | *അടങ്കൽ* | *8,40,000 /-രൂപ* |
| | *എസ്.സി.പി* | *6,30,000 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *2,10,000 രൂപ* |
| *പേര്* | *വനിതാ കറവ പശു വാങ്ങുന്നതിന് സബ്സിഡി* | |

പട്ടികജാതി വിഭാഗത്തിലെ വനിതകൾക്ക് കറവ പശു വിതരണം ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. വനിതാ ഘടക പദ്ധതിയിലാണ് പ്രോജക്റ്റ് ഏറ്റെടുത്തിരിക്കുന്നത്. മാർഗ്ഗരേഖ പ്രകാരം കറവപശുക്കളെ നൽകുന്ന പ്രോജക്റ്റ് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് ഏറ്റെടുക്കാവുന്നത്. ബ്ലോക്ക് പഞ്ചായത്തിന് നേരിട്ട് ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.29 <u>പരപ്പ ബ്ലോക്ക് പഞ്ചായത്ത്</u>**

**കാസർകോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.10.2022 ലെ കത്ത് (SRG 1164/22 - CC/686/22).**

**വിഷയം:-** പുതിയ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 119/23* | *അടങ്കൽ* | *10,00,000/- രൂപ (റ്റി.എസ്.പി)* |
| *പേര്* | *പട്ടികവർഗ്ഗ വികസന ഓഫീസിന് സ്ഥലം വാങ്ങൽ* | |

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 25.02.2021 ലെ ഉത്തരവ് പ്രകാരം പരപ്പയിൽ ഒരു പട്ടികവർഗ്ഗ വികസന ഓഫീസ് അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ ഈ ഓഫീസ് പ്രവർത്തിക്കുന്നത് പരപ്പ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലാണ്. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിനായി പ്രത്യേക കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. ഇതിനായി സ്ഥലം വാങ്ങുന്നതിന് ബ്ലോക്കു പഞ്ചായത്ത് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.30 <u>രാമന്തളി ഗ്രാമപഞ്ചായത്ത്</u>**

**രാമന്തളി ഗ്രാമപഞ്ചായത്ത് 13-ാം വാർഡ് മെമ്പറുടെ 11.10.200-ലെ കത്ത് (SRG 1226/22)**

**വിഷയം:-** പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് മുഖേന 6 മീറ്റർ വീതിയിൽ കുറവുള്ള റോഡ് ടാർ ചെയ്യുന്നത് സംബന്ധിച്ച്

പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിൽപ്പെടുന്ന രാമന്തളി ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡ് വില്ലേജ് ഓഫീസ് -പുളുക്കുത്തറ നായർ സമുദായം ശ്മശാനം റോഡ് ടാർ ചെയ്യുന്നതിന് പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. ഈ റോഡിന് 4.5 മീറ്റർ മാത്രമാണ് വീതിയുള്ളത്. ബ്ലോക്ക് പഞ്ചായത്തിന് 6 മീറ്ററിനു മുകളിലുള്ള റോഡുകളാണ് ഏറ്റെടുക്കാവുന്നത്. റോഡിന്റെ വീതി കൂട്ടാൻ സാധിക്കുകയില്ല. അതിനാൽ പ്രസ്തുത റോഡ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ടാർ ചെയ്യാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.31 <u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.10.2022-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 29.09.2022-ലെ B5-2784/22-ാം നമ്പർ കത്തും (SRG 1169/22 - CC/657/22)**

**വിഷയം:-** പാട്യം ഗ്രാമപഞ്ചായത്തിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് കഴിഞ്ഞ വർഷം വകയിരുത്തിയ തുക നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 935/22 (ഈ വർഷത്തെ നമ്പർ 671/23)* | ***അടങ്കൽ*** | ***30,00,000/- രൂപ*** *(വികസനഫണ്ട് - ജനറൽ) (ഈ വർഷത്തെ അടങ്കൽ 25,00,000 രൂപ വികസനഫണ്ട് ജനറൽ)* |
| ***പേര്*** | ***കളിസ്ഥലം വാങ്ങൽ - ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ധനസഹായം*** | |

കഴിഞ്ഞ വർഷം കൂത്തുപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തു മുഖേന പാട്യം ഗ്രാമപഞ്ചായത്തിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇതനുസരിച്ച് 30.00 ലക്ഷം രൂപ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് 26.03.2022-ന് കൈമാറുകയും ചെയ്തു. എന്നാൽ സ്ഥലം വാങ്ങുന്നതിന്റെ രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കാത്തതിനാൽ തുക വിനിയോഗിക്കാൻ കഴിഞ്ഞില്ല. തുക ലാപ്സായി. ഇപ്പോൾ രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി. 24,51,846 രൂപ സ്ഥലമുടമയ്ക്ക് നൽകണം. ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം ഈ തുക നൽകാൻ ജില്ലാ പഞ്ചായത്ത് 25.00 ലക്ഷം രൂപയുടെ പ്രോജക്ട് ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുക ബ്ലോക്ക് പഞ്ചായത്തിന് കൈമാറാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.32 <u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.10.2022-ലെ കത്ത് (SRG 1171/22 - CC/670/22)**

**വിഷയം:-** ശ്മശാനത്തിന് ചുറ്റമതിൽ നിർമ്മിക്കുന്നതിന് കഴിഞ്ഞ വർഷമെടുത്ത പ്രോജക്ട് പ്രകാരമുള്ള തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 392/22* | ***അടങ്കൽ*** | ***14,00,000/- രൂപ*** *(വികസന ഫണ്ട് - ജനറൽ)* |
| ***പേര്*** | ***ശ്മശാനത്തിന് ചുറ്റമതിൽ നിർമ്മാണം - നടുവിൽ ഗ്രാമപഞ്ചായത്തിന് ധനസഹായം*** | |

നടുവിൽ ഗ്രാമപഞ്ചായത്തിൽ ശ്മശാനത്തിന് ധനസഹായം നൽകുന്നതിന് കഴിഞ്ഞ വർഷം പ്രോജക്ട് ഉൾപ്പെടുത്തിരുന്നു. നടുവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 26.03.2022 ൽ 13,10,704 രൂപയും റിക്വിസിഷൻ നൽകി. ഇതനുസരിച്ച് 30.03.2022-ൽ ട്രഷറിയിൽ ബിൽ സമർപ്പിച്ചു. ബിൽ അന്നേ ദിവസം പാസായി എങ്കിലും മാർച്ച് 31-നകം തുക കരാറുകാരന് നൽകാൻ കഴിഞ്ഞില്ല. തുക ലാപ്സായി പോയി. ഈ തുക അനുവദിക്കണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം ഈ വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഈ തുക വീണ്ടും അനുവദിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.33 <u>ഇടുക്കി ജില്ലാ പഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.10.2022 ലെ കത്ത് (SRG 1178/22 - CC 688/22)**

**വിഷയം:-** തലയനാട് ജയ്ഹിന്ദ് ലൈബ്രറി കെട്ടിടം പൂർത്തിയാക്കുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 496/23* | *അടങ്കൽ* | *10,00,000/- രൂപ (സി.എഫ്.സി ബെയിസിക് ഗ്രാന്റ്)* |
|---|---|---|
| ***പേര്*** | ***ഇടുക്കി ജില്ലാ പഞ്ചായത്ത് - ആലക്കോട് ഗ്രാമപഞ്ചായത്ത് തലയനാട് ജയഭാരത് ലൈബ്രറി*** | |

ഇടുക്കി ജില്ലാ പഞ്ചായത്ത് 2019-20 വർഷം തലയനാട് ജയ്ഹിന്ദ് ലൈബ്രറി കെട്ടിട നിർമ്മാണത്തിന് 10.00 ലക്ഷം രൂപ വകയിരുത്തി സ്ട്രക്ച്ചർ വർക്കുകൾ പൂർത്തിയാക്കി. ഈ കെട്ടിട നിർമ്മാണം ഈ വർഷം പൂർത്തിയാക്കാൻ 10.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖപ്രകാരം കെട്ടിട നിർമ്മാണം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് ഏറ്റെടുക്കാവുന്നത്. നേരത്തെ തുടങ്ങിയ നിർമ്മാണം പൂർത്തിയാക്കാനായതിനാൽ ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.34 <u>ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.10.202-ലെ കത്ത് (SRG /1237/22 - CC-735/22)**

**വിഷയം:-** വയോജനങ്ങൾക്ക് പ്രത്യേകമായി മുറി

| *പ്രോ.നം: 69/2023* | *അടങ്കൽ* | *32,50,000 രൂപ* |
|---|---|---|
| *പേര്* | *വയോജന സൗഹൃദ മുറി* | |

വയോജനങ്ങൾക്ക് പ്രത്യേകമായി മുറി നിർമ്മിച്ചു നൽകുന്നതിനാണ് പ്രോജക്ട്. വയോജനങ്ങൾക്ക് കട്ടിൽ ലഭിച്ചിട്ടുള്ളവരും 60 വയസ്സിനു മുകളിൽ ഉള്ളവർക്കുമാണ് മുറി നിർമ്മിച്ചു നൽകാൻ ഉദ്ദേശിക്കുന്നത്. പരമാവധി 2.50 ലക്ഷം രൂപ നൽകി ടോയിലറ്റ് സൗകര്യമടക്കമുള്ള മുറിയാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.35 <u>ളാലം ബ്ലോക്ക് പഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.12.2022-ലെ കത്തും ളാലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 28.11.22-ലെ 1(4)-ാം നമ്പർ തീരുമാനവും (SRG 1452/22 - CC/927/22)**

**വിഷയം:-** ആറു മീറ്ററിൽ കുറഞ്ഞ വീതിയുള്ള റോഡു നിർമ്മാണം നടത്തുന്നത് സംബന്ധിച്ച്

| പ്രോ.നം: 109/23 | അടങ്കൽ | 7,00,000/- രൂപ |
|---|---|---|
| | തനത് ഫണ്ട് | 4,50,000 /-രൂപ |
| | ഗ്രാമപഞ്ചായത്ത് വിഹിതം | 2,50,000 രൂപ |
| പേര് | കൊഴുവനാൽ പഞ്ചായത്ത് -മൂഴയിൽ - മണിയങ്ങാട് റോഡ് കലുങ്കിന് അപ്രോച്ച് റോഡ് നിർമ്മാണം | |

കൊഴുവനാൽ ഗ്രാമപഞ്ചായത്തിൽ മൂഴയിൽ -മണിയങ്ങാട് റോഡിലെ കലുങ്ക് MPLAD ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നുണ്ട്. കലുങ്കിന് അപ്രോച്ച് റോഡ് നിർമ്മിക്കണം. അപ്രോച്ച് റോഡിന് 4 മീറ്റർ മാത്രമാണ് വീതി. ബ്ലോക്ക് പഞ്ചായത്ത് മുഖേന ഈ റോഡ് നിർമ്മാണം നടത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.36 <u>കോഴിക്കോട് കോർപ്പറേഷൻ</u>**

**ബഹു.കോഴിക്കോട് കോർപ്പറേഷൻ മേയറുടെ 06.06.2022 ലെ D1/10453/13-ാം നമ്പർ കത്തും കോർപ്പറേഷൻ കൗൺസിലിന്റെ 31.05.2022 ലെ 135-ാം നമ്പർ തീരുമാനവും (SRG 1285/22 - LSGD-FM1/211/2022 - LSGD)**

**വിഷയം:-** നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് കോർപ്പറേഷന്റെ സ്വന്തം കെട്ടിടത്തിന്റെ മെയിന്റനൻസ് പ്രവൃത്തിക്ക് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

കോഴിക്കോട് കോർപ്പറേഷന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റൻസിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നുണ്ട്. പലപ്പോഴും നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് മിച്ചം വരുന്നുണ്ട്. കോർപ്പറേഷന്റെ ആസ്തിയിൽപ്പെട്ട കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക്ക് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഒറ്റത്തവണ ഉപയോഗിക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.37 <u>പാനൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.08.2022 ലെ കത്തും പാനൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.07.2022 ലെ 5(1)/22-23-ാം നമ്പർ കത്തും (SRG 914/22 - CC /453/22).**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതു സംബന്ധിച്ച്.

| പ്രോ.നം: 71/23 | അടങ്കൽ | 20,00,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്) |
|---|---|---|
| പേര് | ബ്ലോക്ക് ഓഫീസ് സമുച്ചയത്തിൽ ലിഫ്റ്റ് സ്ഥാപിക്കൽ | |

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിട സമുച്ചയത്തിൽ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്റ്റിന് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.38 <u>കടങ്ങോട് ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 30.11.2022 ലെ കത്തും കടങ്ങോട്ടു ഗ്രാമപഞ്ചായത്തിന്റെ 20.09.2022 ലെ 1(2)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 1441/22 - CC/754/22)**

**വിഷയം:-** ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകൾ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് കോൺക്രീറ്റിംഗ് നടത്തുന്നതു സംബന്ധിച്ച്.

ഗ്രാമപഞ്ചായത്ത് താഴെ പറയുന്ന 13 റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | തുക (രൂപ) |
|---|---|---|---|
| 1 | 200/23 | മണ്ടംപറമ്പ് മിച്ചഭൂമി റോഡ് കോൺക്രീറ്റിംഗ് | 12,69,000 |
| 2 | 210/23 | കൈകുളങ്ങര അമ്പലം സൈഡ് റോഡ് കോൺക്രീറ്റിംഗ് | 5,00,000 |
| 3 | 215/23 | ഉമ്മർ മുസ്ലിയാർ റോഡ് കോൺക്രീറ്റിംഗ് | 7,50,000 |
| 4 | 218/23 | പന്തം പുലാക്കൽ റോഡ് കോൺക്രീറ്റിംഗ് | 6,00,000 |
| 5 | 220/23 | നസ്രത്ത് റോഡ് കോൺക്രീറ്റിംഗ് | 5,00,000 |
| 6 | 224/23 | മഠത്തിൽഞാലിൽ റോഡ് കോൺക്രീറ്റിംഗ് | 2,00,000 |
| 7 | 230/23 | ചിറമനങ്ങോട് വെളുത്തേടത്ത് റോഡ് കോൺക്രീറ്റിംഗ് | 4,00,000 |
| 8 | 236/23 | ബിസ്മി റോഡ് കോൺക്രീറ്റിംഗ് | 8,00,000 |
| 9 | 238/23 | കുഞ്ഞിതറയിൽ റോഡ് കോൺക്രീറ്റിംഗ് | 5,00,000 |
| 10 | 241/23 | ഇയ്യാൽ ജാറം ലിങ്ക് റോഡ് കോൺക്രീറ്റിംഗ് | 5,00,000 |
| 11 | 270/23 | ചേലപ്പുഴ പാലം റോഡ് കോൺക്രീറ്റിംഗ് | 6,00,000 |
| 12 | 272/23 | ഇളയത് ഫാം റോഡ് കോൺക്രീറ്റിംഗ് | 5,00,000 |
| 13 | | ആൾസെയിന്റ്സ് കോളേജ് എ.കെ.ജി റോഡ് കോൺക്രീറ്റിംഗ് | 2,50,000 |

**4.39 <u>പട്ടണക്കാട് ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.10.2022 ലെ കത്തും പട്ടണക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.10.2022 ലെ 1(2/1)-ാം നമ്പർ തീരുമാനവും (SRG 1233/22 - CC 696/22)**

**വിഷയം:-** പട്ടണക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം മെയിന്റനൻസ് നടത്തുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 163/23*** | ***അടങ്കൽ 2022-23*** | ***48,00,000/- രൂപ*** |
| | *മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം* | *26,96,384 രൂപ* |
| | *തനത് ഫണ്ട്* | *21,03,616 രൂപ* |
| | *2023-24 (തനത് ഫണ്ട്)* | *27,00,000 രൂപ* |
| ***പേര്*** | ***SGSY കെട്ടിടം മെയിന്റനൻസ്*** | |

പഞ്ചായത്ത് ഓഫീസ് കെട്ടിടം വിസ്തൃതി കൂട്ടി നവീകരിക്കുന്നതിന് ബഹുവർഷ പ്രോജക്ട് എടുത്തിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ഓഫീസ്, ICDS ഓഫീസ്, കുടുബശ്രീ ഓഫീസ്, ഹോമിയോ ആശുപത്രി എന്നിവയും പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരിക്കുന്നതിന് 26.96 ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. SGSY കെട്ടിടം മെയിന്റനൻസ് എന്നാണ് പ്രോജക്ടിന് പേരിട്ടിരിക്കുന്നതെങ്കിലും പഞ്ചായത്തു കെട്ടിടത്തിന്റെ നവീകരണമാണ് ഉദ്ദേശിക്കുന്നത്.

**4.40 <u>മുട്ടാർ ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.10.2022-ലെ കത്തും മുട്ടാർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 30.09.2022-ലെ 1(4) -ാം നമ്പർ തീരുമാനവും (SRG 1232/22 CC-655/22)**

**വിഷയം:-** മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് റോഡ് കോൺക്രീറ്റ് ചെയ്യുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 74/2023* | ***അടങ്കൽ*** | ***3,94,089 രൂപ (മെയിന്റനൻസ് ഗ്രാന്റ് - റോഡ്)*** |
| ***പേര്*** | ***കൈതവനപടി മുതൽ ചെറുകാട്ടുവരെ റോഡ് കോൺക്രീറ്റിംഗ്*** | |

മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് മുകളിൽ പറഞ്ഞ റോഡ് പുതിയ കോൺക്രീറ്റിംഗിനോ – ടാറിംഗിനോ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

**4.41 മേലാറ്റൂർ ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.11.2022-ലെ കത്തും മേലാറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 16.09.2022-ലെ 1(7) -ാം നമ്പർ തീരുമാനവും (SRG 1248/22 CC-630/22)**

**വിഷയം:-** മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് ടാറിംഗ്/ കോൺക്രീറ്റിംഗ് നടത്താൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 219/2023* | ***അടങ്കൽ*** | ***2,11,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - റോഡ്)*** |
| ***പേര്*** | ***തോണിപ്പാടം അങ്കണവാടി റോഡ്*** | |

മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് മുകളിൽപ്പറഞ്ഞ റോഡ് കോൺക്രീറ്റിംഗോ ടാറിംഗോ ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.42 കുട്ടിക്കൽ ഗ്രാമപഞ്ചായത്ത്**

**കുട്ടിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.01.2023-ലെ** SC2 – 1517/2023--**ാം നമ്പർ കത്തും കുട്ടിക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.12.2022-ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 16/23)**

**വിഷയം:-** നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 193/23* | ***അടങ്കൽ*** | ***15,00,000/- രൂപ*** |
| | *മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ്* | *7,00,000 രൂപ* |
| | *MGNREGS* | *5,00,000 രൂപ* |
| | *സർക്കാർ വിഹിതം* | *3,00,000 രൂപ* |
| ***പേര്*** | ***ഉരുളമൊട്ട അങ്കണവാടി കെട്ടിട നിർമ്മാണം*** | |

**MGNREGS** ന്റെയും (തൊഴിൽദിനവും സാധന സാമഗ്രികളും) സർക്കാർ വിഹിതവും ഗ്രാമപഞ്ചായത്ത് വിഹിതവും ഉപയോഗിച്ച് അങ്കവാടി കെട്ടിടം നിർമ്മിക്കാനാണ് പ്രോജക്ട്. 16.10.2021-ലെ പ്രളയത്തിൽ ഗ്രാമപഞ്ചായത്തിലെ റോഡുകളും പാലങ്ങളും നശിച്ചതടക്കം വലിയ നാശ നഷ്ടമുണ്ടായതിനാൽ വികസനഫണ്ടോ മറ്റു വിഹിതമോ അങ്കണവാടി കെട്ടിടത്തിന് കണ്ടെത്താൻ കഴിയുന്നില്ല. അതിനാൽ മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) വിഹിതത്തിൽ നിന്ന് 7.00 ലക്ഷം രൂപ ഉൾപ്പെടുത്തി അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഈ തുക **MGNREGS** ഡയറക്ടർക്ക് ഡെപ്പോസിറ്റ് ചെയ്ത് കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

**4.43 ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.10.2022-ലെ കത്തും ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.05.2022 -ലെ A4 - 303 / 2018-ാം നമ്പർ കത്തും (SRG 1129/22 CC-626/22)**

**വിഷയം:-** പഠനമുറിക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 169/2019* | *അടങ്കൽ* | *2,50,000 രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം )* |
| *പേര്* | *പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി* | |

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്നുണ്ട്. പഠനമുറിക്കായി നൽകാവുന്ന പരമാവധി തുക 2.00 ലക്ഷം രൂപയാണ്. എന്നാൽ അവസാന ഗഡു നൽകുന്നത് വാല്യുവേഷൻ അനുസരിച്ചുള്ള ബാക്കി തുകയാണ്(രണ്ടു ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി). എന്നാൽ പട്ടികജാതി വികസനവകുപ്പ് പഠന മുറിക്ക് ധനസഹായം നൽകുമ്പോൾ 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറി പണിയുമ്പോൾ 2.00 ലക്ഷം രൂപയും നൽകുന്നുണ്ട്. മാർഗ്ഗരേഖയിൽ പറയും പ്രകാരം 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കുന്ന എല്ലാവർക്കും 2.00 ലക്ഷം രൂപ നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.44 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.10.2022-ലെ കത്ത് (SRG 1170/22 - CC/658/22)**

**വിഷയം:-** കഴിഞ്ഞ വർഷം ഗുണഭോക്തൃ ലിസ്റ്റിലുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 164/22* | *അടങ്കൽ* | *53,00,000/- രൂപ (എസ്.സി.പി)* |
| *പേര്* | *ഉന്നത പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്* | |

ഉന്നത പഠനം നടത്തുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് കഴിഞ്ഞ വർഷം ജില്ലാ പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇതനുസരിച്ച് അർജ്ജുൻ.കെ. "നളിനം" കാക്കത്തുരുത്തി എന്ന വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയിരുന്നുവെങ്കിലും അക്കൗണ്ട് നിലവിലില്ലായിരുന്നതിനാൽ തുക സർക്കാരിലേയ്ക്ക് റീഫണ്ടായി. ഇത് ജില്ലാ പട്ടികജാതി വികസന ഓഫീസർ അന്വേഷിച്ച് ഉറപ്പാക്കിയിട്ടുണ്ട്. ഈ തുക ശ്രീ. അർജ്ജുൻ. കെ. എന്ന വിദ്യാർത്ഥിക്ക് ഈ വർഷം നൽകുന്നതിന് പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.45 തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 2.11.2022 ലെ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 18.10.2022 ലെ 12/12(2)-ാം നമ്പർ തീരുമാനവും (SRG 1246/22 - CC/736/22)**

**വിഷയം:-** അഭ്യസ്തവിദ്യരായ പട്ടികജാതി യുവജനങ്ങൾക്ക് പരിശീലനം നൽകുന്നതിന് സ്റ്റൈപന്റ് വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്.

| *പ്രോ.നം: 986/23* | ***അടങ്കൽ*** | *20,00,000/- രൂപ (എസ്.സി.പി)* |
|---|---|---|
| ***പേര്*** | ***അഭ്യസ്തവിദ്യരായ എസ്.സി വനിതകൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം*** | |

പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ പ്രകാരം അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതിന് സ്റ്റൈപന്റ് നൽകാൻ അനുമതിയുണ്ട്. യോഗ്യതയുടെ അടിസ്ഥാനത്തിൽ രണ്ടു വർഷം വരെ വിവിധ നിരക്കിലാണ് (7000 രൂപ മുതൽ 10000 രൂവ വരെ) സ്റ്റൈപന്റ് നൽകുന്നത്. പട്ടികജാതി വികസന വകുപ്പിൽ 18,000 രൂപ വരെ സ്റ്റൈപന്റ് നൽകുന്നുണ്ടെന്നും അതിനാൽ വകുപ്പിന്റെ നിരക്കുമായി ഏകീകരിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**4.46 <u>തൃശ്ശൂർ ജില്ലാ പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.10.2022 ലെ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത സെക്രട്ടറിയുടെ 29.12.2022 ലെ DPT/A4/6430/21-ാം നമ്പർ കത്തും (SRG 1173/22 - CC/676/22)**

**വിഷയം:-** ഹൈമാസ്റ്റ്/മിനിമാസ്റ്റ് സ്ഥാപിക്കുന്നതു സംബന്ധിച്ച്.

ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ പൊതു സ്ഥലങ്ങളിലും എസ്.സി കോളനികളിലും ഹൈമാസ്റ്റ് / മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത് താഴെ പറയുന്ന പ്രോജക്ടുകൾ ഏറ്റെടുത്തിരിക്കുന്നു. തെരുവു വിളക്കുകൾ സ്ഥാപിക്കാനുള്ള ചുമതല ഗ്രാമപഞ്ചായത്തുകൾക്കായതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | വിഹിതം (രൂപ) |
|---|---|---|---|
| 1 | 604/23 | തളിക്കുളം കയ്പമംഗലം തൃപ്രയാർ ഡിവിഷനുകളിലെ വിവിധ ബീച്ചുകളിൽ ഹൈമാസ്റ്റ് | 17,50,000 (വികസനഫണ്ട് ജനറൽ) |
| 2 | 620/23 | കടപ്പുറം ഡിവിഷനിലെ എസ്.സി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 (എസ്.സി.പി) |
| 3 | 752/23 | പറപ്പൂക്കര ഡിവിഷനിലെ വിവിധ എസ്.സി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 18,00,000 (എസ്.സി.പി) |
| 4 | 759/23 | ചൂണ്ടൽ എസ്.സി കോളനിയിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 (എസ്.സി.പി) |
| 5 | 785/23 | വടക്കേക്കാട് ഡിവിഷനിലെ വിവിധ എസ്.സി കോളനിയിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 11,82,191 (എസ്.സി.പി) |
| 6 | 789/23 | പറപ്പൂക്കര ഡിവിഷനിലെ മുരിയാട് പറപ്പൂക്കര പൂമംഗലം വേളൂക്കര ഗ്രാമപഞ്ചായത്തുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 (വികസനഫണ്ട് - ജനറൽ) |
| 7 | 801/23 | കടവല്ലൂർ പഞ്ചായത്ത് നായാടി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 2,00,000 (എസ്.സി.പി) |
| 8 | 816/23 | ആതിരപ്പള്ളി ഡിവിഷനിലെ വിവിധ പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 30,00,000 (എസ്.സി.പി) |

| | | | |
|---|---|---|---|
| 9 | 817/23 | മാള ഗ്രാമപഞ്ചായത്ത് എസ്.സി കോളനികളിൽ മോഡേൺ പാറക്കൂട്ടം മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,000 (എസ്.സി.പി) |
| 10 | 818/23 | വേളൂക്കര ഗ്രാമപഞ്ചായത്ത് പറക്കാട്ടുകുന്ന് അയ്യപ്പൻ കാവ് എസ്.സി കോളനികളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ | 5,00,000 (എസ്.സി.പി) |
| 11 | 821/23 | ആളൂർ ഗ്രാമപഞ്ചായത്ത് മാറാട്ടു കുന്ന് എസ്.സി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,000 (എസ്.സി.പി) |
| 12 | 839/23 | പീച്ചി ഡിവിഷനിലെ എസ്.സി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 (എസ്.സി.പി) |
| 13 | 855/23 | എസ്.എൻ.പുരം ഗ്രാമപഞ്ചായത്ത് 19, 21 വാർഡുകളിൽ കടപ്പുറത്ത് ഹൈമാസ്റ്റ് ലൈറ്റ് | 3,00,000 (വികസനഫണ്ട് – ജനറൽ) |
| 14 | 859/23 | പീച്ചി ഡിവിഷനിലെ കൊഴുക്കുള്ളി ശാന്തി നഗർ പയ്യനം എസ്.സി കോളനി ഉല്ലാസ് നഗർ എന്നീ എസ്.സി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 (എസ്.സി.പി) |
| 15 | 869/23 | പെരിഞ്ഞാനം പഞ്ചായത്ത് – ശ്രീനാരായണപുരം പഞ്ചായത്തിലെ 14 വാർഡുകളിലെ എസ്.സി കോളനിയിൽ ഹൈമാസ്റ്റ് ലൈറ്റ് | 12,00,000 (എസ്.സി.പി) |
| | | **ആകെ** | **1,59,32,191 രൂപ** |

**4.47 <u>പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്</u>**

**കോട്ടയംജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.11.2022 ലെ കത്തും പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.09.2022 ലെ 2(1)–ാം നമ്പർ തീരുമാനവും (SRG 1470/22 – CC/789/22)**

**വിഷയം:–** തെരുവു വിളക്കു പരിപാലനത്തിനുള്ള ഇലക്ട്രീഷ്യന്മാരുടെ വേതനം വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്.

പനച്ചിക്കാട് ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകളുടെ പരിപാലനം എൽ.ഇ.ഡി ബൾബുകളും അനുബന്ധ സാമഗ്രികളും ഗ്രാമപഞ്ചായത്ത് ടെണ്ടറിലൂടെ നേരിട്ടു വാങ്ങി രണ്ട് ഇലക്ട്രീഷന്യന്മാരെ നിയമിച്ചാണ് നടത്തുന്നത്. ഇലക്ട്രീഷ്യന്മാരുടെ ദിവസ വേതനം 700 രൂപയോ പോൾ ഒന്നിന് 75 രൂപയോ ആണ് നൽകുന്നത്. ഈ നിരക്ക് പഞ്ചായത്ത് ഡയറക്ടറുടെ 17.8.2015 ലെ **G2–44274/2015**–ാം നമ്പർ ഉത്തരവു പ്രകാരമുള്ളതാണ്. ഏഴുവർഷം മുമ്പുള്ള ഈ നിരക്കും വ്യവസ്ഥയും താഴെ പറയും പ്രകാരം പരിഷ്കരിക്കണമെന്ന് ഇലക്ട്രീഷ്യന്മാർ ആവശ്യപ്പെട്ടിരിക്കുന്നു. ഇതനുസരിച്ച ഭരണസമിതി തീരുമാനത്തോടെ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.

**1)** ഇലക്ട്രീഷ്യന്മാരെ നിയമിക്കുന്നതിന് ദിവസവേതനം എന്ന വ്യവസ്ഥ ഒഴിവാക്കി കരാറടിസ്ഥാനത്തിലാക്കണം.

**2)** ധനവകുപ്പിന്റെ 11.02.2021 ലെ 29/2021/**Fin** ഉത്തരവിൻ പറയും പ്രകാരം കാറ്റഗറി 2 അനുസരിച്ചുള്ള പ്രതിമാസ വേതനമായ 20065 രൂപ നൽകണം.

3) മഴയുള്ള ദിവസങ്ങളിൽ അപകടസാധ്യതയുള്ളതിനാൽ പ്രവർത്തി ചെയ്യാൻ കഴിയില്ല. അങ്ങനെയുള്ള ദി വസങ്ങളിൽ ഓഫീസിൽ ഹാജരായി ഒപ്പുവയ്ക്കുന്നുവെങ്കിൽപ്രസ്തുത ദിവസത്തെ വേതനം അനുവദിക്കണം.

4) പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ഉത്തരവു പ്രകാരം ഒരു ദിവസം 15 നും 25 നും ഇടയ്ക്ക് തെരുവുവിളക്ക് റിപ്പയർ ചെയ്യുന്നുണ്ട് എന്നുറപ്പു വരുത്തണമെന്ന വ്യവസ്ഥ ഒഴിവാക്കി പകരം എല്ലാ മാസവും അതതു വാർഡുകളിലെ തെരുവ് വിളക്കുകൾ തൃപ്തികരമായി തെളിയിച്ച് പരിപാലിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തുന്നതനുസരിച്ച് വേതനം അനുവദിക്കുക. അല്ലാത്ത പക്ഷം ആനുപാതികമായി പ്രസ്തുത മാസത്തെ വേതനത്തിൽ കുറവു വരുത്തുന്ന രീതി സ്വീകരിക്കാവുന്നതാണ്.

**4.48 <u>അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.10.2022-ലെ കത്ത് (SRG 1098/22 - CC/511/22)**

**വിഷയം:-** കഴിഞ്ഞ വർഷം ഗുണഭോക്തൃ ലിസ്റ്റിൽ ഉണ്ടായിരുന്നവർക്ക് ലാപ് ടോപ് നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 72/23*** | ***അടങ്കൽ*** | ***3,23,050 രൂപ*** *(എസ്.സി.പി)* |
| ***പേര്*** | ***പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം*** | |

പട്ടികജാതി വിഭാഗത്തിലെ 9 വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാൻ 2,99,550 രൂപ വകയിരുത്തി കഴിഞ്ഞ വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. കഴിഞ്ഞ വർഷം ഇവർക്ക് സർക്കാർ നൽകിയ സ്പെസിഫിക്കേഷൻ പ്രകാരം GeM-ൽ ലാപ് ടോപ് വാങ്ങി നൽകാൻ കഴിഞ്ഞില്ല. ഈ വർഷം ആകെ അടങ്കൽ വർദ്ധിപ്പിച്ച് സ്പിൽ ഓവറായി പ്രോജക്ട് തുടരുന്നുണ്ട്. കഴിഞ്ഞ വർഷത്തെ 9 വിദ്യാർത്ഥികളിൽ രണ്ട് വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കി. കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികളടക്കം കഴിഞ്ഞ വർഷം തെരഞ്ഞെടുത്ത 9 പേർക്ക് ലാപ് ടോപ് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.49 <u>പാനൂർ നഗരസഭ</u>**

**സർക്കാരിന്റെ 01.12.2022-ലെ** DA1/415/22/**തസ്വഭവ കത്തും പാനൂർ നഗരസഭാ ചെയർമാന്റെ 19.11.2022-ലെ P1/6338/20-ാം നമ്പർ കത്തും (SRG 1380/22)**

**വിഷയം:-** ലാപ് ടോപ്, കമ്പ്യൂട്ടർ വാങ്ങുന്നതിന് കെൽട്രോണിന് അടച്ച തുക തിരികെ ലഭിച്ചത് ഉപയോഗിച്ച് ലാപ് ടോപ്/കമ്പ്യൂട്ടർ വാങ്ങുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *(i)* ***പ്രോ.നം: 74/21*** | ***അടങ്കൽ*** | ***3,53,977/- രൂപ*** *(എസ്.സി.പി)* |
| ***പേര്*** | ***എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം*** | |

| | | |
|---|---|---|
| *(ii)* ***പ്രോ.നം:*** *80/22* | ***അടങ്കൽ*** | ***83,120/- രൂപ*** *(വികസന ഫണ്ട് - ജനറൽ)* |
| ***പേര്*** | ***വയോമിത്രം - കമ്പ്യൂട്ടർ വാങ്ങൽ*** | |

| | | |
|---|---|---|
| *(iii)* ***പ്രോ.നം:*** *26/21* | ***അടങ്കൽ*** | ***95,296/-രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | ***തുടർ സാക്ഷരത - കമ്പ്യൂട്ടർ വാങ്ങൽ*** | |

മുകളിൽ പറഞ്ഞ മൂന്നു പ്രോജക്ടുകൾ പ്രകാരം ലാപ് ടോപ്പും കമ്പ്യൂട്ടറും വാങ്ങുന്നതിന് CPRCS മുഖേന കെൽട്രോണിന് തുക ഡെപ്പോസിറ്റ് ചെയ്തിരുന്നു. കെൽട്രോൺ ലാപ് ടോപ്പും കമ്പ്യൂട്ടറും നൽകാത്തതിനാൽ തുക തിരികെ നൽകി. ഈ തുക നഗരസഭയുടെ തനത് ഫണ്ടിലേയ്ക്കാണ് നൽകിയത്. രേഖകൾ പ്രകാരം പ്രോജക്ട് പൂർത്തിയാക്കിയതായാണ് കാണിക്കുന്നത്(തുക ട്രഷറിയിൽ നിന്നും മാറിയതിനാൽ സ്പിൽഓവർ ആയി എടുക്കാൻ കഴിയില്ല). എന്നാൽ ഗുണഭോക്താക്കൾക്ക് ഉപകരണങ്ങൾ നൽകിയിട്ടില്ല. അതിനാൽ നിലവിൽ തനത് ഫണ്ടിലേയ്ക്ക് കെൽട്രോൺ തിരിച്ചടച്ച തുക ഉപയോഗിച്ച് മുകളിൽ പറഞ്ഞ പദ്ധതികൾക്ക് തെരഞ്ഞെടുത്ത അർഹതയുള്ള ഗുണഭോക്താക്കൾക്ക് ലാപ് ടോപ്/ കമ്പ്യൂട്ടർ വിതരണം ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.50 <u>കടങ്ങോട് ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.11.2022 ലെ കത്ത് (SRG 1457/22 - CC/ 765/22)**

**വിഷയം:-** പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 234/23*** | ***അടങ്കൽ*** | ***2,00,000/- രൂപ (എസ്.സി.പി)*** |
| ***പേര്*** | ***പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ*** | |

ഗ്രാമപഞ്ചായത്തിലെ 8 മുതൽ 10-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതിനുള്ള പ്രോജക്റ്റിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.51 **<u>എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.11.2022-ലെ കത്ത് (SRG 1474/22 - CC 791/22, SRG 1475/22 - CC 793/22, SRG 1474/22 - CC 792/22)**

**വിഷയം:-** വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നത് സംബന്ധിച്ച്

വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതിന് താഴെപ്പറയുന്ന പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

| ക്രമ നം | പ്രോ.നം. | പേര് | അടങ്കൽ | വിഭാഗം |
|---|---|---|---|---|
| 1 | 200/23 | വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം - പെൺകുട്ടികൾ | 2,00,000 | ജനറൽ |
| 2 | 208/23 | ഹൈസ്കൂളിൽ പഠിക്കുന്ന എസ്.സി. വിഭാഗം ആൺകുട്ടികൾക്ക് സൈക്കിൾ | 1,50,000 | എസ്.സി.പി |
| 3 | 202/23 | വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം - ആൺകുട്ടികൾ | 1,50,000 | ജനറൽ |
| 4 | 185/23 | ഹൈസ്കൂളിൽ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥിനികൾക്ക് സൈക്കിൾ | 2,50,000 | എസ്.സി.പി |

**4.52 <u>കൊപ്പം ഗ്രാമപഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.12.2022 ലെ കത്തും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 3.11.2022 ലെ 9(1)–ാം നമ്പർ തീരുമാനവും പഞ്ചായത്ത് ഡയറക്ടറുടെ 09.12.2022 ലെ PAN/17331/2022-J1 (DP) നമ്പർ കത്തും അനുബന്ധ രേഖകളും (SRG 1444/22 - CC/910/22)**

**വിഷയം:-** പുതിയറോഡ് – ചെറുകോട് റോഡ് ടാർ ചെയ്യുന്നതു സംബന്ധിച്ച്.

കൊപ്പം ഗ്രാമപഞ്ചായത്തിലെ 8–ാം വാർഡിലെ പുതിയ റോഡ് – ചെറുകോട് റോഡ് ടാറു ചെയ്തു സഞ്ചാരയോഗ്യമാക്കണമെന്നതു സംബന്ധിച്ച് ശ്രീ. രാമചന്ദ്രൻ.വി എന്ന ആൾ ബഹു. കേരള ഹൈക്കോടതിയിൽ **WP(c) No. 16306/2022**–ാം നമ്പർ ആയി കേസ് ഫയൽ ചെയ്തിരുന്നു. ഈ റോഡിന്റെ വശങ്ങൾ സമീപത്തുള്ളവർ കൈയ്യേറിയിട്ടുണ്ട്. ഈ റോഡ് മാരാത്ത് എന്റർപ്രൈസസ് ആന്റ് ക്രഷേഴ്സ്, കാളാഞ്ചിറ ഗ്രാനൈറ്റ്സ് എന്നീ സ്ഥാപനങ്ങളും ഉപയോഗിക്കുന്നുണ്ട്. ബഹു. ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം കേസിലെ ഒന്നും രണ്ടും എതിർ കക്ഷികളായ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയോടും കൊപ്പം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും റോഡിന് ആറുമാസത്തിനകം മെയിന്റനൻസ് നടത്തണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. റോഡു നിർമ്മിക്കുന്നതിന് കേസിലെ ആറാമത്തെ എതിർ കക്ഷിയായ മാരാത്ത് എന്റർ പ്രൈസസ് ആന്റ് ക്രഷേഴ്സ് റോഡ് നിർമ്മാണത്തിനു പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച് റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് 3.11.2022 ലെ 9(1)–ാം നമ്പർ പ്രകാരം ഭരണസമിതി തീരുമാനമെടുത്ത് തുടർനടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തു സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം മുഖേന റോഡു നിർമ്മാണം നടത്താവുന്നതാണെന്ന് പഞ്ചായത്തു ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതിനായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുക മുകളിൽ പറഞ്ഞ സ്ഥാപനം ഗ്രാമപഞ്ചായത്തിൽ അടയ്ക്കണം. സാധനസാമഗ്രികൾ ക്രഷറുടമ നൽകുകയാണെങ്കിൽ അതിന്റെ വില ബില്ലിൽ നിന്നു കുറവു ചെയ്യണം. ഇതിനു തയ്യാറാകാത്ത പക്ഷം സർക്കാർ അനുമതിയോടെ ക്രഷർ ഉടമകൾ സ്വന്തം നിലയിൽ റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് അനുമതി പരിഗണിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഇതിന്മേൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി സംബന്ധിച്ച്.

**4.53 <u>വേങ്ങര ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.11.2022 ലെ കത്ത് (SRG 1437/22 - CC/779/22)**

**വിഷയം:-** പൊതു വിഭാഗത്തിന് കുടിവെള്ള വിതരണം സംബന്ധിച്ച് (പുനർ സമർപ്പിച്ചത്)

| | | |
|---|---|---|
| ***പ്രോ.നം: 8/23*** | ***അടങ്കൽ*** | ***27,60,000/- രൂപ*** |
| | *സി.എഫ്.സി റ്റൈഡ് ഫണ്ട്* | ***20,70,000 രൂപ*** |
| | *ഗുണഭോക്തൃ വിഹിതം* | ***6,90,000 രൂപ*** |
| ***പേര്*** | ***കുടിവെള്ള ടാങ്ക് വിതരണം - ജനറൽ*** | |

പൊതുവിഭാഗത്തിന് കുടിവെള്ള ടാങ്ക് വിതരണം നടത്തുന്നതിനുള്ള പ്രോജക്ടിന് 21.10.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നിരസിച്ചിരുന്നു. ഇതു പുനഃപരിശോധിക്കണ മെന്നാവശ്യപ്പെട്ടു കൊണ്ട് അനുമതിക്കായി വീണ്ടും സമർപ്പിച്ചിരിക്കുന്നു.

**4.54 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.11.2022-ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡിന്റിന്റെ 07.11.2022-ലെ** E.D.3947/2019(3) **-ാം നമ്പർ കത്തും (SRG 1438/22 - CC/**775**/22)**

**വിഷയം:-** ഇലിപ്പക്കുളം **KKMG VHSS**-ന് ബസ് വാങ്ങാൻ അനുമതി സംബന്ധിച്ച്

ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഇലിപ്പക്കുളം **KKMG VHSS** -ൽ **LP, HS, HSS,** വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലായി ആകെ 1800 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഇവിടേയ്ക്ക് ഒരു സ്കൂൾ ബസ് വാങ്ങി നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.55 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.11.2022-ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡിന്റിന്റെ 07.11.2022-ലെ** E.D.3947/2019(2) **-ാം നമ്പർ കത്തും (SRG 1439/22 - CC/**774**/22)**

**വിഷയം:-** ആലപ്പുഴ ജില്ലാ ഗുസ്തി അസോസിയേഷന് ഗുസ്തി മാറ്റ് വാങ്ങി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 509/23*** | ***അടങ്കൽ*** | ***7,50,000/- രൂപ (തനത് ഫണ്ട്*** |
| ***പേര്*** | ***ആലപ്പുഴ ജില്ലാ പഞ്ചായത്ത് - 2022-23 റസലിംഗ് അസോസിയേഷന് ഗുസ്തി മാറ്റ് വാങ്ങി നൽകൽ*** | |

ആലപ്പുഴ ജില്ലാ ഗുസ്തി അസോസിയേഷന് സ്വന്തമായി ഗുസ്തി മാറ്റ് ഇല്ല. ജില്ല, കോളേജ് ഗ്രാമീണതല ഗുസ്തി മത്സരത്തിന് ഇത് അനിവാര്യമാണ്. അതിനാൽ ഗുസ്തി മാറ്റ് വാങ്ങി നൽകാൻ പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.56 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.11.2022-ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡിന്റിന്റെ 08.11.2022-ലെ** E.D.3947/2019(1) **-ാം നമ്പർ കത്തും (SRG 1440/22 - CC/773/22)**

**വിഷയം:-** സ്പോർട്സ് കൗൺസിലിന് കബഡി മാറ്റ് വാങ്ങി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 508/23*** | ***അടങ്കൽ*** | ***7,50,000/- രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | ***ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2022-23 സ്പോർട്സ് കൗൺസിലിനു കബഡി മാറ്റു വാങ്ങി നൽകൽ*** | |

ആലപ്പുഴ ജില്ലാ സ്പോർട്സ് കൗൺസിലിന് സ്വന്തമായി കബഡി മാറ്റ് ഇല്ല. കബഡി മാറ്റ് ഇല്ലാത്തതിനാൽ മത്സരങ്ങൾ നടത്തുന്നതിന് ബുദ്ധിമുട്ടുണ്ടെന്നും താരങ്ങൾക്ക് പരിക്കു പറ്റുന്നുണ്ടെന്നും അറിയിച്ചുകൊണ്ട് സ്പോർട്സ് കൗൺസിലിന് കബഡി മാറ്റ് വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.57 <u>കോഴിക്കോട് ജില്ലാ പഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.12.2022 ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 26.10.2022 ലെ** P6-3473/22(1)-**ാം നമ്പർ കത്തും ജില്ലാ ഖാദി വ്യവസായ ഓഫീസ് പ്രോജക്ട് ഓഫീസറുടെ 20.09.2022 ലെ 643/21/ജില്ലാ പഞ്ചായത്ത് നമ്പർ കത്തും (SRG 1443/22 - CC/**744/**22)**

**വിഷയം:-** ഖാദി ഉല്പന്നങ്ങളുടെ വിപണനത്തിന് വാഹനം വാങ്ങുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 806/23* | *അടങ്കൽ* | *30,00,000/- രൂപ (വികസന ഫണ്ട് ജനറൽ)* |
| *പേര്* | *ഖാദി വസ്തുങ്ങളുടെ വിപണനത്തിന് വാഹനം* | |

ജില്ലയിൽ 800 തൊഴിലാളികൾ വസ്ത്ര നിർമ്മാണ മേഖലയിൽ ഉണ്ട്. വിപണനശാലകൾ മിക്കതും ഗ്രാമപ്രദേശങ്ങളിലെ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ്. അതിനാൽ വില്പന വളരെ കുറവാണ്. വില്പന വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഖാദി ഉല്പന്നങ്ങളുടെ വിപണനത്തിന് സഞ്ചരിക്കുന്ന ഒരു വില്പനശാല ഒരുക്കുന്നതിന്റെ ഭാഗമായി വാഹനം വാങ്ങാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.58 <u>കോഴിക്കോട് ജില്ലാ പഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.12.2022 ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 02.12.2022 ലെ** P6-3473(1)-**ാം നമ്പർ കത്തും (SRG 1445/22 - CC/874/22)**

**വിഷയം:-** സ്കൂൾ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി പി.റ്റി.എക്ക് റിവോൾവിംഗ് ഫണ്ടു നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 542/23* | *അടങ്കൽ* | *10,00,000/- രൂപ (തനത് ഫണ്ട്)* |
| *പേര്* | *സ്കൂൾ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി പി.റ്റി.എ കൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ - നൂതന പ്രോജക്ട്* | |

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള 45 സ്കൂളുകളിലെ വാഹനങ്ങൾക്ക് പലപ്പോഴും അറ്റകുറ്റപ്പണി വേണ്ടി വരും. ഇതിനാവശ്യമായ തുക പി.റ്റി.എയുടെ കൈവശമോ സ്കൂളിനോ പലപ്പോഴും ലഭ്യമല്ല. അറ്റകുറ്റപ്പണി, ഇൻഷ്വറൻസ് എന്നിവയ്ക്കായി ജില്ലാ പഞ്ചായത്തിൽ നിന്ന് റിവോൾവിംഗ് ഫണ്ടായി നൽകാനും പിന്നീട് പി.റ്റി.എ യിൽ നിന്നും തുക തിരികെ വാങ്ങാനുമാണ് ഉദ്ദേശിക്കുന്നത്.

**4.59 <u>പെരുമ്പളം ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2022- ലെ കത്തും പെരുമ്പളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.08.2022-ലെ** A1 - 3129/21-**ാം നമ്പർ കത്തും, കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2021 -ലെ യോഗ തീരുമാനവും (ഖണ്ഡിക 2.5(4.3) - (SRG 906/22 - CC/458/22)**

**വിഷയം:-** ഗ്രാമപഞ്ചായത്തിലെ ജങ്കാർ സർവ്വീസിന്റെ വരവ്-ചെലവിനത്തിലെ അധിക തുക നൽകുന്നതു സംബന്ധിച്ച്

പെരുമ്പളം ഗ്രാമപഞ്ചായത്ത് വെള്ളത്താൽ ചുറ്റപ്പെട്ടതാണ്. ഗ്രാമപഞ്ചായത്തിൽ നിന്നു വെളിയിലേയ്ക്കുള്ള ഗതാഗതം രണ്ടു ജങ്കാർ സർവ്വീസിലൂടെയാണ്. ജങ്കാറിൽ നിന്നുള്ള പ്രതിദിന വരുമാനം 35,000 രൂപയും പ്രതിദിന ചെലവ്(ജങ്കാർ വാടക, ജീവനക്കാരുടെ

വേതനം, ഇന്ധനം തുടങ്ങിയവ) 60,000 രൂപയുമാണ്. കഴിഞ്ഞ വർഷത്തെ അധിക ബാധ്യത (നഷ്ടം) 17,63,675 രൂപയാണ്. ഓരോ മാസത്തേയും വരവ്-ചെലവ് കണക്ക് ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് വരുമാനം കുറവാണ്. അതിനാൽ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) എന്നിവ ഉപയോഗിച്ച് 2021-22 ലെ ജങ്കാറിന്റെ വാടക, ഇന്ധന ചെലവ് തുടങ്ങിയവ നൽകാൻ 2022-23 വർഷം പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.60 <u>**മങ്കര ഗ്രാമപഞ്ചായത്ത്**</u>

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.12.2022- ലെ കത്തും മങ്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.10.2022-ലെ 1(1)-ാം നമ്പർ തീരുമാനവും മങ്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.10.2022-ലെ** SC2-3187/2022 **-ലെ കത്തും അനുബന്ധരേഖകളും (SRG 1435/22 - CC/799/22)**

**വിഷയം:-** കോട്ട കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജ് അടയ്ക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 131/23*** | ***അടങ്കൽ*** | ***5,00,000/- രൂപ***<br>*(എസ്.സി.പി)* |
| ***പേര്*** | ***കോട്ട കുടിവെള്ള പദ്ധതിയുടെ ഇലക്ട്രിസിറ്റി ചാർജ്*** | |

കോട്ട കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജ് 02.11.2020 മുതൽ കുടിശ്ശികയുണ്ട്. 01.11.2022 വരെ സർചാർജ്ജടക്കം ആകെ 1,99,038 രൂപയാണ് അടക്കാനുള്ളത്. ഈ തുക അടയ്ക്കാൻ 5.00 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നു. ഈ കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കളിൽ ഭൂരിഭാഗവും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണെന്നും തനത് ഫണ്ട് കുറവാണെന്നും ചൂണ്ടിക്കാണിച്ച് എസ്.സി.പി. വിഹിതമുപയോഗിച്ച് ബിൽ തുക അടയ്ക്കാൻ ആനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.61 <u>**കാറഡുക്ക ഗ്രാമപഞ്ചായത്ത്**</u>

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2022-ലെ കത്തും അനുബന്ധരേഖകളും (SRG 1216/22 - CC/503/22)**

**വിഷയം:-** ഹരിത കർമ്മ സേനാംഗങ്ങൾക്ക് സംരംഭം തുടങ്ങുന്നതിന് ധനസഹായം സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 218/23*** | ***അടങ്കൽ*** | ***1,20,000/- രൂപ*** |
| | *വികസനഫണ്ട് - ജനറൽ* | *90,000 രൂപ* |
| | *ഗുണഭോക്തൃവിഹിതം* | *30,000 രൂപ* |
| ***പേര്*** | ***ഹരിത കർമ്മസേനയുടെ സംരംഭ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം*** | |

കാറഡുക്ക ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ മുഖേന ഹരിത കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. ഹരിത കർമ്മ സേനാംഗങ്ങളുടെ ഭാരവാഹിത്വത്തിൽ കൺസോർഷ്യം രൂപീകരിച്ച് മാലിന്യം ശേഖരിക്കുന്നതിന് ലഭിക്കുന്ന പ്രതിഫലം പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നുണ്ട്. മാലിന്യം ശേഖരിക്കുന്നതിനോടൊപ്പം ഹരിത കർമ്മസേന മുഖേന സംരംഭം ആരംഭിക്കാനും ഉദ്ദേശിക്കുന്നു. ഇതിനായി 75 ശതമാനം വികസന ഫണ്ടും മാർഗ്ഗരേഖ പ്രകാരമുള്ള 25 ശതമാനം ഗുണഭോക്തൃ വിഹിതമെന്ന നിലയിൽ ഹരിത കർമ്മ സേനയുടെ

ബാങ്ക് അക്കൗണ്ടിലെ കൺസോർഷ്യം ഫണ്ടും ഉപയോഗിച്ച് 1000 ഭക്ഷണ വിതരണ സ്റ്റീൽ പ്ലേറ്റും 1000 സ്റ്റീൽ ടംബ്ലറും വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. പാത്രം വാടകയ്ക്ക് നൽകനാണ് പ്രോജക്ടിൽ ഉദ്ദേശിക്കുന്നത്.

4.62 **<u>കാറഡുക്ക ഗ്രാമപഞ്ചായത്ത്</u>**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2022-ലെ കത്തും അനുബന്ധരേഖകളും (SRG 1215/22 - CC/502/22)**

**വിഷയം:-** ജനകീയ ഹോട്ടലിന് സഹായം നൽകുന്നത് സംബന്ധിച്ച്

| ***പ്രോ.നം: 207/23*** | ***അടങ്കൽ*** | ***1,50,000/- രൂപ*** |
|---|---|---|
| | *തനത് ഫണ്ട്* | *1,50,000 രൂപ* |
| ***പേര്*** | ***വിശപ്പുരഹിത കേരളം പദ്ധതി*** | |

കാറഡുക്ക ഗ്രാമപഞ്ചായത്തിൽ മുള്ളേരിയ, കർമ്മതോടി എന്നീ സ്ഥലങ്ങളിൽ രണ്ടു ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. മുള്ളേരിയയിലെ ഹോട്ടലിന് ഗ്രാമപഞ്ചായത്ത് സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകി. കർമ്മ തോടിയിലെ ഹോട്ടൽ വാടക കെട്ടിടത്തിലും. അലമാരയടക്കമുള്ള ഫർണിച്ചർ കുടുംബശ്രീയും ഗ്രാമപഞ്ചായത്തും വാങ്ങി നൽകിയിട്ടുണ്ട്. കർമ്മതോടി ജനകീയ ഹോട്ടലിന് വാടക, വൈദ്യുതി എന്നിവക്കായി 1.00 ലക്ഷം രൂപയും രണ്ടു ഹോട്ടലുകളിലേക്കും പാത്രങ്ങൾ വാങ്ങി നൽകുന്നതിന് 50,000 രൂപയും വകയിരുത്തി തയ്യാറാക്കിയിരിക്കുന്ന പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

**4.63 <u>കാറഡുക്ക ഗ്രാമപഞ്ചായത്ത്</u>**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2022-ലെ കത്തും അനുബന്ധരേഖകളും (SRG 1214/22 - CC/501/22)**

**വിഷയം:-** സാങ്കേതികാനുമതി കൂടാതെ നിർമ്മിച്ച കിച്ചൺ ഷെഡിന്റെ തുക നൽകുന്നത് സംബന്ധിച്ച്

| ***പ്രോ.നം: 102/22*** | ***അടങ്കൽ*** | ***1,20,080/- രൂപ*** |
|---|---|---|
| | *തനത് ഫണ്ട്* | *1,00,080 രൂപ* |
| | *ബ്ലോക്ക് പഞ്ചായത്ത് വഹിതം* | *20,000 രൂപ* |
| ***പേര്*** | ***വിശപ്പ് രഹിത കേരളം പദ്ധതി*** | |

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷെഡ്ഡിലാണ് മുള്ളേരിയയിലെ ജനകീയ ഹോട്ടൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഹോട്ടൽ മെച്ചപ്പെട്ട രീതിയിൽ ആയപ്പോൾ കിച്ചൺ കം ഷെഡ് പണിയാൻ അസിസ്റ്റന്റ് സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് തയ്യാറാക്കി. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 1,20,080 രൂപയായിരുന്നു പ്രോജക്ട് അടങ്കൽ. എന്നാൽ സങ്കേതികാനുമതി കൂടാതെ പ്രവൃത്തി ടെണ്ടർ ചെയ്ത് സെക്രട്ടറി നടപ്പാക്കി. ഇതിന്റെ തുക നൽകാൻ ഈ വർഷം പ്രോജക്ട് സ്പിൽ ഓവറായി ഉടരുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ എടുത്ത വാല്യവേഷൻ പ്രകാരം 1,01,331 രൂപയാണ് കരാറുകാരന് നൽകാനുള്ളത്. ബിൽ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.64 **പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2022-ലെ കത്ത് (SRG 1135/22 - CC/650/22)**

**വിഷയം:-** പള്ളിയോടത്തിന് ഗ്രാന്റ് നൽകുന്നത് സംബന്ധിച്ച്

| പ്രോ.നം: 134/22 | അടങ്കൽ | 25,000/- രൂപ (തനത് ഫണ്ട്) |
|---|---|---|
| പേര് | കടപ്ര പള്ളിയോടത്തിന് ഗ്രാന്റ് | |

കടപ്ര ഗ്രാമപഞ്ചായത്തിലെ ഏക പള്ളിയോടമാണ് കടപ്ര പള്ളിയോടം. എല്ലാ വർഷവും ആറന്മുള വള്ളംകളിയിൽ ഈ പള്ളിയോടം പങ്കെടുക്കാറുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ നിന്ന് ഇതുവരെ ഗ്രാന്റ് നൽകിയിട്ടില്ല. ഗ്രാന്റ് നൽകാനുള്ള ഈ പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.65 ജില്ലാ പ്ലാനിംഗ് ഓഫീസ്, വയനാട്**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.10.2022-ലെ കത്ത് (SRG 1097/22)**

**വിഷയം:-** നൂതന പ്രോജക്ടുകൾക്ക് വേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയിലെ വിഷയ മേഖലാ വിദഗ്ധർക്കും റ്റി.എ നൽകുന്നത് സംബന്ധിച്ച്

നൂതന പ്രോജക്ടുകളുടെ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഓരോ പ്രോജക്ടുമായും ബന്ധപ്പെട്ട് രണ്ട് വിദഗ്ധരെ കമ്മിറ്റിയിലേയ്ക്ക് പ്രത്യേകം ക്ഷണിക്കണമെന്നുണ്ട്. ഇങ്ങനെ പങ്കെടുക്കുന്ന ഉദ്യോഗസ്ഥന്മാരല്ലാത്ത ക്ഷണിതാക്കൾക്ക് സിറ്റിംഗ് ഫീ/യാത്രാപ്പടി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.66 വടവുകോട് പുത്തൻ കുരിശ്ശ്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2022- ലെ കത്തും 11.10.2022 ലെ 104276/22/DPC/DPO/Ekm നമ്പർ കത്തും വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04.06.2022 ലെ 3(2)-ാം നമ്പർ തീരുമാനവും (SRG 1136/22 - CC/556/22)**

**വിഷയം:-** മുൻവർഷങ്ങളിൽ ODF നു ലഭിച്ച തുക ഉപയോഗിച്ച് സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുന്നതു സംബന്ധിച്ച്

വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ODF സംയുക്ത പ്രോജക്ടിനായി 2016-17 വർഷം 7.00 ലക്ഷം രൂപ ലഭിച്ചിരുന്നു. ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ഈ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല. അതിനാൽ 2022-23 വർഷം ഗാർഹിക സെപ്റ്റിക് ടാങ്ക് സ്ഥാപിക്കാനായി ചെലവഴിക്കപ്പെടാതെ കിടക്കുന്ന ഈ തുക ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.67 വൈക്കം ബ്ലോക്ക് പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.11.2022- ലെ കത്ത് (SRG 2/23 - CC/814/22)**

**വിഷയം:-** പട്ടിക വർഗ്ഗ വിഭാഗത്തിലെ വനിതകൾ വസ്ത്ര നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച്

| പ്രോ.നം: 83/23 | അടങ്കൽ | 1,00,000 രൂപ (വികസന ഫണ്ട് -ജനറൽ) |
|---|---|---|
| പേര് | പട്ടികവർഗ്ഗ വനിതകൾക്ക് അപ്പാരൽ പാർക്ക് | |

വൈക്കം ബ്ലോക്കിലെ പട്ടികവർഗ്ഗ വനിതകൾക്ക് തയ്യൽ യൂണിറ്റ് തുടങ്ങാനാണ് പ്രോജക്ട്. 'സ്നേഹിത' എന്ന പേരിൽ ബ്രാൻഡഡ് ഉല്പന്നങ്ങൾ വിപണിയിലിറക്കുന്നതിന് അപ്പാരൽ പാർക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. പൂർണ്ണമായും പ്രവർത്തന

സജ്ജമാകുമ്പോൾ 30 പേർക്ക് തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.68 **പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത്**

**കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.10.2022-ലെ കത്തും പുല്ലൂർ ശ്രീവിഷ്ണു മൂർത്തി ക്ഷേത്രം ട്രസ്റ്റിന്റെ സമ്മതപത്രവും. (SRG 1217/22 CC-651/22)**

**വിഷയം:-** ക്ഷേത്രകുളം സംരക്ഷിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 241/2022*** | ***അടങ്കൽ*** | ***19,24,780 രൂപ*** |
| | *CFC Tied Fund* | *5,24,780 രൂപ* |
| | *ജില്ലാ പഞ്ചായത്ത് വിഹിതം* | *14,00,000 രൂപ* |
| ***പേര്*** | ***ഓത്തുകുളം പള്ളം-കുളം ജലസംരക്ഷണ പദ്ധതി*** | |

പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലെ പുല്ലൂർ വിഷ്ണുമൂർത്തി ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള കുളം എല്ലാക്കാലത്തും ജലലഭ്യതയുള്ളതാണ്. ഈ കുളം ഇപ്പോൾ ജീർണ്ണാവസ്ഥയിലാണ്. പൊതുവെ ഭൂഗർഭ ജലലഭ്യത കുറവുള്ള പ്രദേശമാണ് ഈ ഗ്രാമപഞ്ചായത്ത്. ഈ കുളം നവീകരിച്ച് സംരക്ഷിച്ചാൽ പ്രദേശവാസികൾക്ക് പ്രയോജനപ്രദമാണ്. കുളം നാട്ടുകാരുടെ ഉപയോഗത്തിനും കൃഷി ആവശ്യത്തിന് വെള്ളം ലഭ്യമാക്കുന്നതിനും വിട്ടു നൽകാമെന്ന് ക്ഷേത്രം ഭാരവാഹികൾ അറിയിച്ചിട്ടുണ്ട്. ക്ഷേത്രം ട്രസ്റ്റ് ബോർഡ് ഇതനുസരിച്ച് കത്ത് നൽകിയിട്ടുണ്ട്. അതിനാൽ കുളം നവീകരിക്കുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.69 **വടവുകോട് - പുത്തൻകുരിശ് ബ്ലോക്ക് പഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2022-ലെ കത്തുകളും (2 എണ്ണം) വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.09.2022 -ലെ കത്തും (SRG 1220/22 CC-555/22)**

**വിഷയം:-** ബയോ കമ്പോസ്റ്റിന് 2017-18-ൽ ലഭിച്ച ബ്ലോക്ക് വിഹിതം ഉപയോഗിച്ച് മാലിന്യ സംസ്കരണ പ്രോജക്ട് തയ്യാറാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *1)* ***പ്രോ.നം: 5/2023*** | ***അടങ്കൽ*** | ***11,00,000 രൂപ*** |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *9,90,000 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *1,10,000 രൂപ* |
| ***പേര്*** | ***ഗാർഹിക ബയോബിൻ നൽകൽ*** | |
| *2)* ***പ്രോ.നം: 290/2023*** | ***അടങ്കൽ*** | ***5,00,000 രൂപ*** |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *4,00,000 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *1,00,000 രൂപ* |
| ***പേര്*** | ***ഇനോകുലം വിതരണം*** | |

വടവുകോട് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 2017-18 ൽ ബയോ കമ്പോസ്റ്റ് പദ്ധതിക്കായി 14.00 ലക്ഷം രൂപ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. മതിയായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ തുക ചെലവഴിച്ചില്ല. ചെലവഴിക്കാത്ത തുക ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് തിരികെ അടയ്ക്കണമെന്ന് ഓഡിറ്റ് വിഭാഗം കുറിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ഈ തുക ചെലവഴിച്ചതായി രേഖപ്പെടുത്തിയതിനാൽ തുക തിരികെ നൽകുന്നതിൽ ബുദ്ധിമുട്ടുണ്ട്. അതിനാൽ ഈ തുക ഉപയോഗിച്ച് മുകളിൽ പറഞ്ഞ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

### 4.70 <u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.10.2022-ലെ കത്തും അനുബന്ധരേഖകളും (SRG 1168/22 - CC/656/22)**

**വിഷയം:-** സി.ഡി.എസിനു കീഴിലുള്ള വനിതാ സംരംഭക ഗ്രൂപ്പിന് കഴിഞ്ഞ വർഷത്തെ ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 408/22*** | ***അടങ്കൽ*** | ***14,00,000/- രൂപ*** *(വികസനഫണ്ട് - ജനറൽ)* |
| ***പേര്*** | ***വനിതകളുടെ കോഫി ബാങ്ക്*** | |

സിഡി.എസ്സിന് കീഴിലുള്ള വനിതാ ഗ്രൂപ്പകൾക്ക് കോഫി ബാങ്ക് തുടങ്ങുന്നതിന് കഴിഞ്ഞ വർഷം ജില്ലാ പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിരുന്നു. 2.80 ലക്ഷം രൂപ വീതം 5 ഗ്രൂപ്പകൾ നൽകുന്നതിനാണ് പ്രോജക്ടു തയ്യാറാക്കിയിരുന്നത്. വിശദാംശം താഴെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **CDS ഗ്രൂപ്പിന്റെ പേര്** | **കോഫി ബാങ്ക് ആരംഭിക്കാനുദ്ദേശിക്കുന്ന സ്ഥലം** |
|---|---|---|
| 1 | കണിച്ചാർ CDS | ഏലപ്പീടിക 29-ാം മൈൽ |
| 2 | പടിയൂർ CDS | പടിയൂർ ഗവ. സ്കൂളിന് സമീപം |
| 3 | ചെറുപുഴ CDS | പാടിയോട്ടുചാൽ കുരിശു പള്ളിക്ക് സമീപം |
| 4 | കൊട്ടിയൂർ CDS | കൊട്ടിയൂർ പഞ്ചായത്തിന് ചേർന്നുള്ള സ്ഥലം |
| 5 | പായം CDS | ഇരട്ടി പോലീസ് സ്റ്റേഷന് സമീപം |

ഈ ഗ്രൂപ്പകൾക്ക് 2.80 ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ ബിൽ 26.3.2022 ൽ ട്രഷറിയിൽ സമർപ്പിച്ചു. ക്രമ നമ്പർ 1, 2, 3 ഗുണഭോക്താക്കൾക്ക് അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്യെങ്കിലും ക്രമ. 4, 5 ഗുണഭോക്താക്കൾക്ക് തുക ലഭിച്ചില്ല. സാങ്കേതിക കാരണങ്ങളാൽ തുക ബില്ലിന്റെ സോഴ്സ് അക്കൗണ്ടിലേയ്ക്ക് വരവ് വച്ചു. തുക ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് (ക്രമനം. 4, 5) തുക നൽകുന്നതിന് ഈ വർഷം പ്രോജക്ട് തയ്യാറാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഈ സംരംഭക യൂണിറ്റുകൾ ബാങ്ക് ലോൺ എടുത്ത് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനം നടത്തിയിട്ടുണ്ട്.

### 4.71 <u>മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത്</u>

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.11.2022 ലെ കത്ത് (SRG 1241/22 - CC 728/22)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ വനിതകൾക്ക് സ്വയം തൊഴിലിന് തയ്യൽ മെഷീൻ നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 140/23*** | ***അടങ്കൽ*** | ***1,50,000/- രൂപ (എസ്.സി.പി)*** |
| ***പേര്*** | ***പട്ടികജാതി വനിതകൾക്ക് സ്വയം തൊഴിലിനു തയ്യൽ മെഷീൻ*** | |

പട്ടികജാതി വിഭാഗത്തിലെ വനിതകൾക്ക് തയ്യൽമെഷീൻ വാങ്ങി നൽകുന്നതിന് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഇതു മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.72 <u>മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത്</u>

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.11.2022-ലെ കത്ത് (SRG 1243/22 - CC/730/22)**

**വിഷയം:-** വനിതകൾക്ക് തയ്യൽ മെഷീൻ നൽകുന്നത് സംബന്ധിച്ച്

| *പ്രോ.നം: 243/23* | *അടങ്കൽ* | *4,00,000 രൂപ (വികസനഫണ്ട് - ജനറൽ)* |
|---|---|---|
| *പേര്* | *വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം* | |

പൊതു വിഭാഗത്തിലെ വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്യാൻ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. മാർഗ്ഗരേഖയിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.73 <u>പുന്നയൂർകുളം ഗ്രാമപഞ്ചായത്ത്</u>

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.11.2022 ലെ കത്തും പുന്നയൂർകുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.10.2022ലെ 13/1-ാം നമ്പർ തീരുമാനവും (SRG 1266/22 - CC/ 738/22)**

**വിഷയം:-** റർബൻ മിഷൻ പദ്ധതി പ്രകാരം സ്ഥാപിച്ച സി.സി.റ്റി.വി ക്യാമറ, വൈഫൈ ഹോട്ട് സ്പോട്ടുകളുടെ ബിൽ തുക നൽകുന്നതു സംബന്ധിച്ച്.

റർബൻ മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സി.സി.റ്റി.വി ക്യാമറകളും വൈഫൈ ഹോട്ട് സ്പോട്ടുകളും സ്ഥാപിക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കിയിരുന്നു. 32.00 ലക്ഷം രൂപയാണ് റർബൻ മിഷനിൽ നിന്ന് അനുവദിക്കുമെന്നറിയിച്ചിരിരുന്നത്. ഡി.പി.ആർ ൽ കെൽട്രോൺ മുഖേന പ്രോജക്ട് നടപ്പാക്കാനാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01.03.2019 ലെ 1(4)-ാം നമ്പർ തീരുമാന പ്രകാരം **Kerala Small Scale Industries Development Corporation Ltd. (SIDCO)** നെ പ്രവൃത്തി ഏൽപ്പിച്ചു. **SIDCO** നൽകിയ എസ്റ്റിമേറ്റ് തുക 31,97,912 രൂപയാണ്. അഡ്വാൻസായി 6,39,582 രൂപ തുടർന്ന് രണ്ടു പാർട്ട് ബിൽ നൽകിയതടക്കം ഇപ്പോൾ ആകെ 23,97,712 രൂപ നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കാതെ തന്നെ മുഴുവൻ തുകയുടെ ബില്ലും സമർപ്പിച്ചെങ്കിലും മുഴുവൻ തുകയും നൽകിയില്ല. ഇനിയും 8,83,923 രൂപ കൂടി നൽകണമെന്ന് **SIDCO** ആവശ്യപ്പെട്ടിട്ടുണ്ട്.

നിലവിലെ ഉത്തരവുപ്രകാരം **SIDCO** സ്വയം ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മാത്രമേ നേരിട്ടു വാങ്ങാൻ കഴിയു. അവസാന ബിൽ നല്കുന്നതിനു മുമ്പ് ഈ വീഴ്ച പരിഹരിക്കേണ്ടതുണ്ട് എന്നതിനാൽ നടപടി ക്രമങ്ങളിലെ അപാകത മാപ്പാക്കി ബാക്കി തുക നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.74 <u>ഇടുക്കി ജില്ലാ പഞ്ചായത്ത്</u>

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.11.2022 ലെ കത്ത് (SRG 1267/22 - CC/ 768/22)**

**വിഷയം:-** ഗോത്രസാരഥി പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തു വിഹിതം നൽകുന്നത് സംബന്ധിച്ച്.

| *പ്രോ.നം: 691/23* | *അടങ്കൽ* | *25,00,000/- രൂപ (റ്റി.എസ്.പി)* |
|---|---|---|
| *പേര്* | *ഗോത്രസാരഥി വിഹിതം നൽകൽ* | |

ജില്ലയിൽ 34 സ്കൂളുകളിലായി പട്ടികവർഗ്ഗ വിഭാഗത്തിലെ 1771 വിദ്യാർത്ഥികൾക്ക് ഗോത്രസാരഥി പദ്ധതി പ്രകാരം യാത്രാ സൗകര്യം ഏർപ്പെടുത്തണം. ഇതിനായി ആകെ 2,43,06,150 രൂപ ആവശ്യമുണ്ടെന്ന് ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസനവകുപ്പിന്റെ ഫണ്ടും തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതവും കൂടി ചേർത്താൽ ആകെ 1,15,25,333 രൂപയാണ് ലഭ്യമായ തുക. ഈ സാഹചര്യത്തിൽ ഗോത്ര സാരഥി പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്ത് വിഹിതം കൂടി ഉൾപ്പെടുത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.75 <u>തൊടുപുഴ മുനിസിപ്പാലിറ്റി</u>**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.11.2022 ലെ കത്തും തൊടുപുഴ നഗരസഭാ കൗൺസിലിന്റെ 03.10.2022 ലെ 12-ാം നമ്പർ തീരുമാനവും (SRG 1460/22 - CC/ 721/22)**

**വിഷയം:-** നഗരസഭയിലെ സേവാഗ്രാം വാർഡു കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് തുക ചെലവഴിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 205/23*** | ***അടങ്കൽ*** | ***1,55,520/- രൂപ (സി.എഫ്.സി ബേസിക് ഗ്രാന്റ്)*** |
| ***പേര്*** | ***സേവാഗ്രാം വാർഡ് കേന്ദ്രങ്ങളുടെ നടത്തിപ്പ്*** | |

തൊടുപുഴ നഗരസഭയിൽ 9 വാർഡുകളിൽ സേവാഗ്രാം വാർഡ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കേന്ദ്രങ്ങളുടെ വാടക, ശുചീകരണവും പരിപാലനവും, ഫെസിലിറ്റേറ്റർക്ക് ഓണറേറിയം, ഫർണിച്ചർ എന്നിവയ്ക്കാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.76 <u>പരിയാരം ഗ്രാമപഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.11.2022 ലെ കത്തും പരിയാരം വില്ലേജ് ഓഫീസറുടെ 06.09.2022 ലെ 207/22-ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG 1461/22 - CC/ 777/22)**

**വിഷയം:-** പരിയാരം അങ്കണവാടിക്ക് സ്ഥലം വാങ്ങുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 131/23*** | ***അടങ്കൽ*** | ***20,00,000/- രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | ***പരിയാരം അങ്കണവാടിക്ക് സ്ഥലം വാങ്ങൽ*** | |

പരിയാരം ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിലെ ഗവ. ഹൈസ്കൂളിനടുത്തായി നിലവിലുണ്ടായിരുന്ന അങ്കണവാടിയുടെ 5 സെന്റ് സ്ഥലവും കെട്ടിടവും ദേശീയ പാതയ്ക്ക് വേണ്ടി ഏറ്റെടുത്തു. കെട്ടിടത്തിന് 18,19,285 രൂപയും സ്ഥലത്തിന് 21,06,420 രൂപയും നഷ്ടപരിഹാരമായി ലഭിച്ചു. ദേശീയ പാതയ്ക്ക് സമീപം തന്നെ 2 മുതൽ 3 ലക്ഷം രൂപയ്ക്ക് സ്ഥലം ലഭിക്കും. അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് സബ് കമ്മിറ്റി പരിശോധിച്ചു. നേരത്തെ അങ്കണവാടി ഉണ്ടായിരുന്ന സ്ഥലത്തിന് 300 മീറ്ററിനുള്ളിൽ ഒരു സെന്റിന് 1.5 മുതൽ 2 ലക്ഷത്തിനുമിടയിൽ സ്ഥലം ലഭ്യമാണ്. എന്നാൽ വില്ലേജ് ഓഫീസറുടെ വാല്യുവേഷൻ പ്രകാരം 40,000 രൂപയാണ് ഇവിടെ സ്ഥലത്തിന്റെ വില. അതിനാൽ 1.50 ലക്ഷം മുതൽ 2 ലക്ഷം വരെയുള്ള വില നൽകി സ്ഥലം വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.77 **<u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 18.11.2022 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 11.08.2022 ലെ 1(10)-ാം നമ്പർ തീരുമാനവും (SRG 11/2023)**

**വിഷയം:-** ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഇലക്ട്രിക് വീൽ ചെയർ നൽകുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 1178/23* | *അടങ്കൽ* | *75,00,000/- രൂപ (വികസന ഫണ്ട് - ജനറൽ)* |
|---|---|---|
| *പേര്* | *അംഗപരിമിതർക്ക് പവർ ഇലക്ട്രിക് വീൽ ചെയർ നൽകൽ* | |

ചലനശക്തി നഷ്ടപ്പെട്ടവർക്ക് ഇലക്ട്രിക് വീൽ ചെയർ വാങ്ങി നൽകാനുദ്ദേശിക്കുന്നു. മാർഗ്ഗരേഖ പ്രകാരം ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ആണ് നൽകാവുന്നത്. എന്നാൽ ഒരു ഇലക്ട്രിക് വീൽ ചെയറിന് 1.50 ലക്ഷം രൂപയോളം വിലവരുമെന്നതിനാൽ ഇത്തരം പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തു കൾക്കെടുക്കാൻ ബുദ്ധിമുട്ടാണെന്ന് ജില്ലാ പഞ്ചായത്ത് അറിയിച്ചിരിക്കുന്നു. ഈ വർഷം 50 പേർക്ക് ഇലക്ട്രിക് വീൽചെയർ നൽകാനാണുദ്ദേശിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.78 **<u>കൊടുവായൂർ ഗ്രാമപഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.11.2022 ലെ കത്തും കൊടുവായൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.10.2022 ലെ 2-ാം നമ്പർ തീരുമാനവും 20.01.2022 ലെ 144/22/തസ്വഭവ നമ്പർ സർക്കാർ ഉത്തരവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.09.2020 ലെ തീരുമാനവും (ഖണ്ഡിക 4.27) (SRG 1471/22 - CC/804/22)**

**വിഷയം:-** വിശ്വനാഥസ്വാമി ക്ഷേത്രത്തിലെ രഥോത്സവവുമായി ബന്ധപ്പെട്ട് ശുചിത്വ പരിപാലനം സംബന്ധിച്ച്.

| *പ്രോ.നം: 127/23* | *അടങ്കൽ* | *1,00,000/- രൂപ (തനത് ഫണ്ട്)* |
|---|---|---|
| *പേര്* | *കൊടുവായൂർ രഥോത്സവം* | |

കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ കേരളപുരം അഗ്രഹാരത്തിലെ വിശ്വനാഥ സ്വാമിക്ഷേത്രത്തിൽ നടക്കുന്ന രഥോത്സവവുമായി ബന്ധപ്പെട്ട് റോഡ് നവീകരണം, ശുചീകരണം എന്നവയ്ക്ക് മുൻകാലങ്ങളിൽ സർക്കാർ അനുമതിയോടെ തനതുഫണ്ടുപയോഗിച്ചിരുന്നു. ഈ വർഷം ഈ ആവശ്യത്തിനായി തനതു ഫണ്ടിൽ നിന്ന് ഒരു ലക്ഷം രൂപ ചെലവഴിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.79 **<u>കോഴി ക്കോട് ജില്ലാ പഞ്ചായത്ത്</u>**

**കോഴിക്കോട് പ്ലാനിംഗ് ഓഫീസറുടെ 21.11.2022 ലെ കത്തും കോഴിക്കോട് ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 29.07.2022 ലെ 5/74/22(14)-ാം നമ്പർ തീരുമാനവും (SRG 1467/22 - CC/743/22)**

**വിഷയം:-** മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയുടെ നാദാപുരം ഉപകേന്ദ്രത്തിൽ ഭൗതിക സാഹചര്യം ഒരുക്കുന്നതു സംബന്ധിച്ച്.

| പ്രോ.നം: 60/23 | അടങ്കൽ | 10,00,000/- രൂപ (വികസനഫണ്ട് -ജനറൽ) |
|---|---|---|
| പേര് | മോയിൻകുട്ടി മാപ്പിള കലാ അക്കാദമിക് ഉപ കേന്ദ്രം - നാദാപുരം ഓഡിറ്റോറിയത്തിൽ ഭൗതിക സാഹചര്യം. | |

സാംസ്കാരിക വകുപ്പിന് കീഴിൽ മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിക്കായി നാദാപുരത്ത് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഇതിൽ താഴെത്തെ നിലയിൽ ഓഡിറ്റോറിയം ഉണ്ട്. ഈ ഓഡിറ്റോറിയത്തിലേക്ക് സ്റ്റേജ്, സൗണ്ട് സിസ്റ്റം, ആവശ്യമായ ഇരിപ്പിടങ്ങൾ, മറ്റ് അനുബന്ധ സൗകര്യം എന്നിവയ്ക്കായാണ് പ്രോജക്ട് എടുത്തിരിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.80 **<u>തൂണേരി ബ്ലോക്ക് പഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.11.2022 ലെ കത്ത് (SRG 1468/22 - CC/691/22)**

**വിഷയം:-** മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയിൽ ടൊയിലറ്റ് നിർമ്മിക്കുന്നത് സംബന്ധിച്ച്.

| പ്രോ.നം: 158/23 | അടങ്കൽ | 8,00,000/- രൂപ (സി.എഫ്.സി റ്റൈഡ് ഗ്രാന്റ്) |
|---|---|---|
| പേര് | മോയിൻകുട്ടി വൈദ്യർ സാംസ്കാരിക മാപ്പിള കലാ അക്കാദമിക് ടോയിലറ്റ് നിർമ്മാണം. | |

സാംസ്കാരിക വകുപ്പിനു കീഴിലുള്ളതാണ് മോയിൻകുട്ടി വൈദ്യർ സാംസ്കാരിക മാപ്പിള കലാ അക്കാദമി. ഈ കേന്ദ്രത്തിൽ ടോയിലറ്റ് സൗകര്യമില്ല. ഇവിടെ ടോയിലറ്റ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.81 **<u>മയ്യനാട് ഗ്രാമപഞ്ചായത്ത്</u>**

**കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 03..01.2023-ലെ** KGPA/FR 2023 010303 -ാം **നമ്പർ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന മയ്യാനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (SRG 12/23)**

**വിഷയം:-** ബഡ്സ് സ്കൂളിനുവേണ്ടി വാഹനം വാടകയ്ക്കെടുക്കുന്നത് സംബന്ധിച്ച്

മയ്യനാട് ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവിടെ 50 കുട്ടികൾ ഉണ്ട്. ഇതിൽ 20 കുട്ടികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നത് ഗ്രാമപഞ്ചായത്ത് ആണ്. ഇതിനായി 2015 മോഡൽ ഒരു മിനി ബസ് 2022 ഏപ്രിൽ മുതൽ വാടകയ്ക്കെടുത്തിട്ടുണ്ട്. കരാർ പ്രകാരം ആദ്യത്തെ 50 കി.മീറ്ററിന് 2000 രൂപയും അധികമായി ഓടുന്ന ഓരോ കിലോമീറ്ററിനും 20 രൂപ നിരക്കിലുമാണ് നൽകേണ്ടത്. ഒരു മാസം 50,000 രൂപ വാടകയിനത്തിൽ വരുന്നുണ്ട്.

28.05.2022-ലെ 115/22/തസ്വഭവ ഉത്തരവു പ്രകാരമുള്ള മാർഗ്ഗരേഖയനുസരിച്ച് വാഹന വാടകയ്ക്കായി പ്രതിമാസം 36,000 രൂപ മാത്രമാണ് നൽകാൻ അനുമതിയുള്ളത് എന്ന് ചൂണ്ടിക്കാണിച്ച് മിനി ബസ്സിന് കരാർ പ്രകാരമുള്ള കൂടുതൽ വാടക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം മാർഗ്ഗരേഖയിൽ 2017-നു ശേഷമുള്ള മോഡൽ വാഹനം വാടക്കെടുക്കണമെന്ന നിബന്ധനയും ഒഴിവാക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു